
# പ്രതിസ്വനം



സെന്റ്. തെരേസാസ് ഗേൾസ് ഹൈസ്കൂൾ

നെടുംകുന്നം 2022-25.



KITE
KERALA INFRASTRUCTURE AND TECHNOLOGY FOR EDUCATION

little KITEs

# ലിറ്റിൽ കൈറ്റ്സ്

ഐ. ടി. ക്ലബ്ബ്

നമ്പർ : LK/2018/32048

## സെന്റ് തെരേസാസ് ഗേൾസ് ഹൈസ്കൂൾ

നെടുംകുന്നം

Ph: 0481-2415152

ലിറ്റിൽ കൈറ്റ്സ് മിസ്ട്രസ്സ് :- ജിജി റോസ് തോമസ്
ജെസ്സി തോമസ്.

ലീഡേഴസ് :- ജിബിയ ജോബ്
ഐറിൻ റോസ് ബിജു.

ചീഫ് എഡിറ്റർ :- അമേയ മേരി ടോം.

എഡിറ്റേഴ്സ് :- ദേവനന്ദന പ്രകാശ്
അനന്യ ആൻ പ്രകാശ്
അനന്യ പ്രതാപ്
ഹൃദ്യ അജി കുമാർ

# എഡിറ്റോറിയൽ ബോർഡ്



അമേയ മേരി ടോം



ഹൃദ്യ അജി കുമാർ



ദേവനന്ദന പ്രകാശ്



അനന്യ ആൻ പ്രകാശ്



അനന്യ പ്രതാപ്



ഐറിൻ റോസ് ബിജു.

# താളുകൾ മറിയുമ്പോൾ

മുഖമൊഴി.......................................................7
സന്ദേശം.......................................................8
ആശംസ.......................................................10
എന്റെ പ്രകൃതി.......................................................13
പ്രളയം എന്ന ദുരന്തം.......................................................14
പാഠം.......................................................15
വേദന.......................................................16
വേര്.......................................................17
കാർമേഘം.......................................................18
പ്രകൃതിയുടെ നിലവിളി.......................................................19
ഓർമ്മകൾ.......................................................20
വിജ്ഞാനഗോപുരം.......................................................22
എ.പി.ജെ അബ്ദുൽകലാം.......................................................23
വെൺതോരണങ്ങൾ.......................................................24
അടൂർ ഗോപാലകൃഷ്ണൻ.......................................................25
മധ്യകാല ഇന്ത്യ.......................................................26
മോതിരമാകുന്ന ജീവിതം.......................................................29
ജവഹർലാൽ നെഹ്റു.......................................................30
സ്വാമിവിവേകാനന്ദൻ.......................................................33
മഹാത്മാഗാന്ധി.......................................................34
രവിന്ദ്രനാഥ് ടഗോർ.......................................................36
പ്രകൃതിയിലെജീവൻ.......................................................37

ഐക്യസേന്ഹം.....39
മൊട്ട്.....40
മഴമുകിൽ .....41
ഉള്ളൂർ .എസ്. പരമേശ്വരയ്യർ.....42
മദർ തെരേസ.....44
പ്രതീക്ഷയുടെ പുലരികൾ.....45
പുൽമേട്ടുകൾ.....46
സാറാ തോമസ്.....47
അപ്പൂവും ദോപ്പൂവും.....48
നക്ഷത്ര രൂപീകരണം.....49
വള്ളത്തോൾ നാരായണമേനോൻ.....50
ചന്ദ്രനെ കീഴടക്കി ഇന്ത്യ.....51
മഞ്ഞുമാസം ദുഃഖമാസം.....53
ചിന്തയുടെ ചരട്ടുകൾ.....54
ചന്ദ്രനെന്ന വിസ്മയം.....55
തിരോധാനം.....57
ദുരന്തമഴ.....58
കാണാകാഴ്ച.....59
ഓർമ്മയുടെ പൊട്ടുകൾ.....60
മഴ.....61
സാക്ഷി.....62
മഴനൂൽകിനാവുകൾ..... 63
സ്കൂളുതൻഅക്ഷരലോകം .....64
ഫ്രീഡംഫെസ്റ്റ്.....65
ലിറ്റിൽ കൈറ്റ്സ് പ്രവർത്തനങ്ങൾ.....67
സ്കൂൾ സന്ദർശനം.....70

# മുഖമൊഴി

ലിറ്റിൽ കൈറ്റ്സ് മാസികയുടെ നാലാം പതിപ്പ് പ്രസിദ്ധീകരിക്കുന്നതിൽ എനിക്ക് വളരെയധികം സന്തോഷം തോന്നുന്നു. ലിറ്റിൽ കൈറ്റ്സ് എന്ന പദ്ധതിയുടെ ലക്ഷ്യം തന്നെ ഒരു കുഞ്ഞ് എൻജിനീയേർസ് ആക്കി തീർക്കുകയാണ്. വിവരവിനിമയ സാങ്കേതികവിദ്യയുടെ വലിയ സാധ്യതകൾ ഫലപ്രതമായും നല്ല രീതിയിലും ഉപയോഗിക്കാൻ അഭിരുചിയുള്ള ഒരു തലമുറയെ വാർത്തെടുക്കാനായിയാണ് ലിറ്റിൽ കൈറ്റ്സ് പ്രവർത്തനനിരതമാകുന്നത്.എഡിറ്റോറിയൽ ബോർഡിന്റെ സംയുക്തമായ പരിശ്രമം മൂലമാണ് ഈ മാസിക നിങ്ങൾക്കുമുൻപിൽ എത്തുന്നത്. ലിറ്റിൽ കൈറ്റ്സിലെ
ഓരോ കുഞ്ഞുങ്ങളുടെ പ്രയത്നവും കഴിവുമാണ് ഈ മാസികയെ വായനക്കാരിലേക്ക് ആകർഷിക്കുന്നത് .സ്വയം പഠിക്കുവാനും ഒപ്പം പാഠ്യവസ്തുവിൽ അവബോധവും താല്പര്യവും സൃഷ്ടിക്കുകയും ചെയ്യുന്നതിനുള്ള അവസരങ്ങൾ തന്ന ഞങ്ങളുടെ കൈറ്റ് മിസ്സ്ട്രസുമാരായ ജിജി ടീച്ചറിനും ജെസ്സി ടീച്ചറിനും നന്ദി പറയുന്നു. ലിറ്റിൽ കൈറ്റ്സ് എന്ന പ്രവർത്തനം പല രീതികളിലൂടെ കുട്ടികളുടെ കഴിവിനെ മികച്ചതാക്കിതീർക്കാൻ ശ്രമിക്കുന്നു.
ആനിമേഷൻ,സ്ക്രാച്ച്,മലയാളം ടൈപിംങ്,ആർഡിനൊ സംവിധാനം ഉടങ്ങിനിരവധിയായ പ്രവർത്തനങ്ങളിലൂടെ കുട്ടികളെ മുന്നോട്ട് നയിക്കുന്നു.ഒറ്റ കെട്ടായി നിന്ന് ഒരുമിച്ച് പ്രവർത്തിക്കുന്ന ലിറ്റിൽ കൈറ്റ്സ്കാർക്ക് ഒരു നല്ല വിജയം ആശംസിക്കുന്നു പ്രാർത്ഥിക്കുന്നു.
അറിവിന്റെ മായാജാല ലോകത്തേക്ക് കൂട്ടികൊണ്ടു പോയ ലിറ്റിൽ കൈറ്റ്സിന് ഒരായിരം നന്ദി പറയുന്നു.

ചീഫ്എഡിറ്റർ
അമേയ മേരി ടോം.

# സന്ദേശം



ഐസിടി മേഖലയിൽ വിദ്യാർത്ഥികളുടെ സ്വാഭാവിക താൽപര്യം
പ്രോത്സാഹിപ്പിക്കുന്നതിനു സാങ്കേതിക വിദ്യയുടെയും
സോഫ്റ്റ്‌വെയറിന്റെയും ഉചിതമായ ഉപയോഗത്തിന് ഒരു സംസ്കാരം
സൃഷ്ടിക്കുകയാണ് ലിറ്റിൽ കൈറ്റ്സ് എന്ന പദ്ധതി. സ്കൂളുകളിലെ ഐസിടി
ഉപകരണങ്ങളുടെ ഉപയോഗത്തിലും പരിപാലനത്തിലും വിദ്യാർത്ഥികളുടെ
പങ്കാളിത്തം ഉറപ്പാക്കുന്നു. ശരിയായതും സുരക്ഷിതവുമായ ഇന്റർനെറ്റ്
ഉപയോഗത്തിലും
സൈബർ സുരക്ഷയിലും വിദ്യാർത്ഥികളെ
സമ്പന്നമാക്കുക കൂടാതെ ഭാഷാ കമ്പ്യൂട്ടിംഗിന്റെ
പ്രാധാന്യം വളർത്തുക എന്ന ലക്ഷ്യം വച്ച് കൊണ്ട്

തന്നെ കുട്ടികൾ തുടരട്ടെ . നാളത്തെ ലോകത്തിൽ

ഇതിലൊക്കെ കൂടുതൽ അറിവുകൾ  നേടട്ടേ എന്നും

ഇതിലൂടെ സംഘാടക മനോഭാവും സഹവർത്തിത പഠനത്തിന്റെ

അനുഭവങ്ങളും  കുട്ടികൾ ആർജ്ജിക്കട്ടെ

എന്ന് ആശംസിക്കുന്നു, പ്രാർത്ഥിക്കുന്നു.

-സി.ഡോളി കുര്യൻ

ഹെഡ്മിസ്ട്രസ്

# ആശംസ

ടെക്നോളജി വളർന്നുകൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിൽ നമ്മുടെ കുട്ടികളും കാലഘട്ടത്തിനനുസരിച്ച് വളരേണ്ടതുണ്ട്. അതിനു തെളിവായി നമ്മുടെ സ്കൂളിലെ ലിറ്റിൽ കൈറ്റ്സ് ക്ലബ്ബിന്റെ നേതൃത്വത്തിൽ ഒരു ഡിജിറ്റൽ മാഗസിൻ പ്രസിദ്ധീകരിക്കുന്നതിൽ വളരെ സന്തോഷമുണ്ട്. പഠനപ്രവർത്തനങ്ങൾ മികച്ച രീതിയിൽ പ്രായോഗികമായി തെളിയിക്കുവാൻ വളരെ നല്ലൊരു അവസരമാണ് കുട്ടികൾക്ക് ലഭ്യമായിട്ടുള്ളത്. അത്തരം കഴിവുകൾ കാലോചിതമായി മെച്ചപ്പെട്ട രീതിയിൽ നടപ്പിലാക്കുവാൻ ലിറ്റിൽ കൈറ്റ്സിലെ കുട്ടികൾക്ക് കഴിയുന്നുണ്ട്. ഇനിയും ഐ.ടിയുടെ അനന്ത സാധ്യതകളിലേക്ക് പറന്നുയരാൻ ഈ ഡിജിറ്റൽ മാഗസിൻ ഒരു തുടക്കമാകട്ടെ ഈ മാഗസിൻ തയ്യാറാക്കുവാൻ നേതൃത്വം നൽകിയ എല്ലാ പ്രതിഭകൾക്കും

അഭിനന്ദനങ്ങൾ...

ജോമോൻ എംസി SITC

# ആശംസ

വിവര വിനിമയ സാങ്കേതിക വിദ്യയുടെ സങ്കേതങ്ങൾ ഉപയോഗിക്കാൻ കഴിവുള്ള ഒരു പുതിയ തലമുറയെ രൂപപ്പെടുത്തിയെടുക്കാൻ കേരളത്തിലെ പൊതു വിദ്യാലയങ്ങളിൽ നടപ്പിലാക്കിയ കുട്ടികളുടെ IT കൂട്ടായ്മയാണ് ലിറ്റിൽ കൈറ്റ്സ്. ഹൈടെക് സംവിധാനത്തിൽ ഉപകരണങ്ങളുടെ സജ്ജീകരണത്തിലും വിഭവങ്ങളുടെ നിർമ്മാണത്തിലും ഓരോ ലിറ്റിൽ കൈറ്റ്സ് അംഗവും പങ്കാളിയാകുന്നു. വിവരവിനിമയസാങ്കേതിക വിദ്യ അനായാസം ഉപയോഗിക്കുവാൻ ഇത് കുട്ടികളെ പ്രാപ്തരാക്കുന്നു. കൂട്ടായ്മയിലൂടെയുള്ള പ്രവർത്തനത്തിലൂടെ നേതൃത്വ സഹരണ മനോഭാവവും കുട്ടികൾക്കു ലഭിക്കുന്നു. പ്രായോഗിക ജ്ഞാനം കൂടുതൽ കൂടുതൽ കാര്യക്ഷമമാക്കുന്നതിനും ഈ കൂട്ടായ്മ കുട്ടികളെ സഹായിക്കുന്നു. സോഫ്റ്റ്‌വെയറും ഇന്റർനെറ്റും ഉപയോഗിക്കുമ്പോൾ  പാലിക്കേണ്ട കടമകളും ആർജിക്കേണ്ട മൂല്യബോധവും കുട്ടികളിൽ വളർത്തിയെടുക്കണം. വിദ്യാഭ്യാസ രംഗത്ത് വിവരവിനിമയ സാങ്കേതിക വിദ്യയുടെ സാധ്യതകൾ പൂർണമായും പ്രയോജനപ്പെടുത്തുവാൻ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.

- ജിജി റോസ് തോമസ്
കൈറ്റ് മിസ്ട്രസ്സ്

# ആശംസ

പാഠ്യവിഷയങ്ങൾക്കൊപ്പം കലാകായിക സർഗശേഷികളെക്കൂടി പരിപോഷിപ്പിക്കുക എന്നത് കാലം ആവശ്യപ്പെടുന്ന അനിവാര്യതയാണ്.വിവരസാങ്കേതിക വിദ്യ ഉപയോഗിച്ച് വിദ്യാർത്ഥികളിലേക്ക് അറിവിന്റെ ജാലകം തുറക്കാനുള്ള എളിയ സംരംഭമാണ് ലിറ്റിൽ കൈറ്റ്സ് ക്ലബ്ബ്.അതിന്റെ പ്രവർത്തനങ്ങളിൽ ഏറെ മികവു പുലർത്തുന്നു. വിദ്യാലയങ്ങളിലെ സർഗ്ഗാത്മക പ്രവർത്തനങ്ങളെ സാങ്കേതിക വിദ്യയുടെ സഹായത്തോടെ തൊട്ടറിയുക എന്നതാണ് ഈ സംരംഭത്തിന്റെ ലക്ഷ്യം.ഒരു മാലയിൽ കോർത്ത മുത്തുകൾ പോലെ വിദ്യാഭ്യാസവും സർഗ്ഗവാസനകളും ഒരുമിച്ച് കൊണ്ടുപോകാൻ ലിറ്റിൽ കൈറ്റ്സ് അംഗങ്ങൾക്ക് ഓരോരുത്തർക്കും സാധിക്കട്ടെ എന്ന് ആശംസിക്കുന്നു.

ജെസ്സി തോമസ്
കൈറ്റ് മിസ്ട്രസ്

# എന്റെ പ്രകൃതി

എന്തു രസമാണീ പ്രകൃതി
പൂക്കളും പുഴുക്കളും പച്ചപ്പും
നിറഞ്ഞ ഈ വരം എത്ര
മനോഹരം.........!

ഇവിടെ മലകളും തെങ്ങുകളും
കേര മരതകതോപ്പുകളും
കളകളം ഒഴുകുന്ന കാട്ടരുവിയും
എന്റെ പ്രകൃതിയിൽ എത്ര ചന്തം

ശാന്തമായിഇവിടൊരു ഗ്രാമമുണ്ട്
ശാന്തമായി ഒഴുകുന്ന പുഴകളുണ്ട്
ശാന്തിതേടുന്ന പല കിളികളുണ്ട്
എത്ര മനോഹരം എൻ പ്രകൃതി

-ശെഹറാന എം.എം
8 D

# പ്രളയം എന്ന ദുരന്തം



പ്രളയം എന്ന മഹാമാരി ഏറ്റവുമധികം നമ്മെ ബാധിച്ചത് 2018 ലാണ്. മറക്കാനാവാത്ത ഒരു പ്രളയ കാലമാണ് ആ വർഷം നമുക്ക് സമ്മാനിച്ചത്. നമ്മുടെ നാടിന്റെ നായകന്മാരായ മത്സ്യതൊഴിലാളികളാണ് അന്ന് കരുത്തായി നിന്നത്. ജാതിമതഭേദമന്യേ മനുഷ്യർ പരസ്പരം സഹായിച്ച് നാടിന് കരുത്തായി നിന്നു. രണ്ടായിരത്തി പതിനെട്ട് എന്ന കൊലപാതകി എടുത്ത ജീവനുകൾക്ക് കണക്കില്ല. ദൈവവും മനുഷ്യനും ഒന്നായ നിമിഷം. പോലീസും ഫയർ ഫോഴ്സ് ഗവൺമെന്റും തണലായി നിന്നു . ദുരിതാശ്വാസ ക്യാമ്പുകൾ കേരളത്തിലുടനീളം തുറന്നു പ്രവർത്തിച്ചു. എല്ലാവീടുകളും ഒരോ സഹായക കേന്ദ്രങ്ങളായി മാറി. പാവപ്പെട്ടവർ പണക്കാർ എന്ന അന്തരവ് ഇല്ലാതായി എല്ലാരും സമന്മാരായി നിലകൊണ്ടു. കേരളം മനുഷ്യത്വമെന്തന്നറിഞ്ഞ അതുല്യമായ നിമിഷമായിരുന്നു 2018ലെ പ്രളയം. കരുത്തനായ ആ എതിരാളിക്കെതിരെ ജീവൻ പണയം വെച്ചാണ് നാം പോരാടിയത്.ഇതിനുമുമ്പുള്ള എല്ലാ ദുരന്തങ്ങളും അതജീവിച്ചിരുന്നു. ഒടുവിൽ പ്രളയത്തെയും അതിജീവിച്ചു . കരുത്തിന്റെപ്രതീകമായി മാറി നമ്മുടെ ഈ കൊച്ചുകേരളം. ഇനിയും എല്ലാ പ്രതിസന്ധികളേയും നേരിടാൻ ഞങ്ങൾ തയ്യാറാണ്.

ആദിത്യ. എസ്
9 B

# പാഠം

ദൈവത്തിൽ നിന്നും ഓരോ മാനവർക്കും ലഭിക്കപ്പെടുന്ന വരദാനമാണ് കാഴ്ച്ച എന്നത്. എന്നാൽ അത് ചിലർക്ക് ലഭിക്കാറില്ല അതുപോലൊരാളാണ് നീലിമ നന്മ നിറഞ്ഞ മനസ്സിനുടമയായ അവൾ ധാരാളം കഷ്ടപ്പാടുകളിലൂടെയാണ് ജനിച്ച നാളുമുതൽ കടന്നുപോവുന്നത് . അവഗണനയുടെ മതിലുകൾഭേദിച്ച അവൾ മുന്നേറി വിജയത്തിന്റെ പടവുകൾ തന്റേതാക്കി.

മിഴിയുടെയല്ല മനസ്സിന്റെ പ്രകാശമാണ് പ്രധാനം എന്ന പാഠം പകർന്നു നീലിമ. ഒളിഞ്ഞിരുന്ന് സംഗീതമഭ്യസിച്ച അവൾ ഇന്ന് സംഗീതത്തിന്റെ റാണിയാണ്. വീട്ടുകാരുപോലും അവൾക്ക് താങ്ങായുണ്ടായിരുന്നില്ല. ഇന്ന് ഒട്ടനവധി ആരാധകരുള്ള അവൾക്ക് ബന്ധുവായി ആരുമില്ല. താനെ ഉരുകുന്ന മെഴുകുതിരിയായി ഏവർക്കും പ്രകാശമാവുകയാണ് നീലിമ. നീലിമ അതിജീവനത്തിന്റെ മഹത്തായ പാഠം




ആദിത്യ.എസ് 9 B

# വേദന

ജീവനേ...
നമ്മൾ വേർപെട്ടു
പോയതിന്നനന്ത
കാലാന്തരങ്ങൾക്കിന്നുമീ
നരവർഷമഞ്ഞു പെയ്യും കരാള
നിശയിലും  നിൻ ചിന്തകളെൻ
മസ്തിഷ്ക്കത്തെക്കടിച്ച കീറുമൊരത്യാസന്ന
വേദനാലഹരി തൻ പട്ടടയിലെൻ
ജീവിതമെരിഞ്ഞടങ്ങുന്നു....

-അലോന എലിസബത്ത് തോമസ്
9 A



# വേര്

ചിലവേരുകളുണ്ട്..!!
മുറിച്ച വേർപെടുത്തിയാലും
മണ്ണിൽ പുതഞ്ഞുകിടക്കും
ക്ഷോഭങ്ങളെയെല്ലാം
പ്രതിരോധിക്കാനുള്ള
കരുത്താർജ്ജിച്ച്
വൃക്ഷമൊരിക്കലും
താഴൊട്ടു നോക്കാറില്ല
വേരിലാണ്, തന്റെ
ജീവനാഡിയെന്നറിയുമ്പോഴേക്ക്
വൃക്ഷം
കടപുഴകി വീണിരിക്കും...!!!

അൽഫോൺസാ സോണി
9 C



# കാർമേഘം

എൻ കാർമേഘമേ......
ഇയുള്ളവൾ ഒരു കാര്യം
ചോദിക്കട്ടെ..?
ഈയുള്ള കാലമത്രയും
മഴയായ് ഭൂമിയിൽ പതിഞ്ഞ്
വീണതെല്ലാം
നിൻ കണ്ണുനീർത്തുള്ളിയാണൊ
അല്ലയോ.....എൻ കാർമേഘമേ..
നിൻ മിഴികളിൽ നിന്ന്
ഉതിർന്ന് വീണ
കണ്ണനീർ തുള്ളികളെയാണോ
ഞങ്ങൾ മഴയെന്ന്
പേര് ചൊല്ലി വിളിക്കുന്നത് !..?

-അനഘ ആൻ ഷിബു

9 C



# പ്രകൃതിയുടെ നിലവിളി

അവർ വീണ്ടും വീണ്ടും മരങ്ങൾ വെട്ടിനശിപ്പിക്കുന്നതു
നിങ്ങൾ കാണുന്നില്ലേ ?
അതിനുപകരം കോൺക്രീറ്റ് പണിഉയർത്തുന്നതു തെറ്റാണെന്നു
നിങ്ങൾ അറിയുന്നില്ലേ ?

വികസനത്തിന്റെയും നഗര നവീകരണത്തിന്റെയും പേരിൽ വന്യജീവികളുടെ
ആവാസവ്യവസ്ഥകൾ നശിപ്പിക്കൽ വെറും ക്രൂരത മാത്രമല്ല,
ഭൂമിയുടെ മുഴുവൻ നാശത്തിനും അത് കാരണമായേക്കാം. അത്തരം നാശം
പഴയപടിയാക്കുവാൻ സാധിക്കില്ല.
പക്ഷേ അവർ പ്രകൃതിയെ ശ്രദ്ധിക്കുന്നില്ല.
വെറും സമ്പത്ത് തേടുന്നു.
രാജ്യത്തിന്റെ ആരോഗ്യത്തെ ബാധിക്കുന്നതിനെക്കുറിച്ച് നിസ്സംഗത
പുലർത്തുന്നു.

ഇത് പുരോഗതിക്ക് വേണ്ടിയാണെന്നു അവർ പറയുന്നു. എന്നാൽ നമ്മുടെ
അടുത്ത തലമുറയെപ്പറ്റി അവർ ചിന്തിക്കുന്നില്ല.
പ്രകൃതിയുടെ അചഞ്ചലമായ സൗന്ദര്യത്തിനും പ്രകൃതി സൃഷ്ടിച്ച ശാന്തതയ്ക്കും
പാരിസ്ഥിതിക നാശം ഒരു പുരോഗതിയല്ല,
ആത്മീയ അജ്ഞതയാണ്

കൂടുതൽ നഗര വ്യാപനം,വ്യവസായ എസ്റ്റേറ്റുകൾ അല്ലെങ്കിൽ മറ്റൊരു
ഷോപ്പിംഗ് മാൾ എന്നിവ പല പല വാസ്തുവിദ്യാ രൂപകല്പനകളിൽ
ചെയ്യുന്നതിന് അവർ മാലിന്യം നിക്ഷേപിച്ച് പാഴാക്കുന്ന രാജ്യത്തിന്റെ
വിലയുണ്ടോ ?
അവരുടെ ഈ മാനസികാവസ്ഥ വിനാശകരമാണെന്ന് മനസ്സിലാക്കാത്ത
അവർ നിർവികാരരാണ്.
പരിസ്ഥിതിയുടെ ശുദ്ധവും പ്രകൃതിദത്തവുമായ സൗന്ദര്യം വെറുതേ
നശിപ്പിക്കുന്നത് തികച്ചും ദയനീയമാണ്.

അതിനാൽ മരങ്ങൾ മെല്ലെ മരിക്കുമ്പോൾ അവിടെ പ്രകൃതിയുടെ
നിലവിളിയുയരുന്നുണ്ടെന്നു ഓർക്കുക.

-അനന്യ ആൻ പ്രകാശ്
9 C

# ഓർമ്മകൾ

ക്ലാസ്സുകൾ എപ്പോഴും,ഇപ്പോഴും ഉറങ്ങുവാനുള്ളതാണെന്ന് എന്നോ വിശ്വാസമുറപ്പിച്ച വ്യക്തിയാണ് ഞാൻ. കുറേ വർഷങ്ങൾക്ക് മുമ്പ്,ക്ലാസ്സിന്റെ ഏറ്റവും മുമ്പിൽ ഇരുന്ന് ഉറങ്ങുന്ന എന്നെ, ടീച്ചർ പിറകിൽ നിന്ന് വിളിച്ചു.അറിഞ്ഞോ അറിയാതെയോ അത് ഞാനാകല്ലേ എന്ന് മനസ്സിൽ ഓർത്തപ്പോഴേ,എന്റെ പിറകിൽ ഇരിക്കുന്ന 'ഞാനോ? ശരിക്കും'എന്ന മുഖഭാവത്തോടെ എന്റെ പ്രിയ സഹോദരിമാർ എണീറ്റു.ചെറുതായി മനസ്സിൽ എവിടെയോ ആശ്വാസം.അതിന് പിന്നിലായി,ക്ലാസ്സ് ലീഡർ എന്ന നിലയിൽ ചെറിയൊരു നീരസം.എന്നിട്ടും,സ്വയം കിടന്നുറങ്ങുകയായിരുന്നു എന്ന വാസ്തവം,വെട്ടിയൊതുക്കി,അത് ലീഡ്രല്ലെ
സാരമില്ല എന്ന നിലയിൽ ഞാൻ ഇരുന്നു. ഞാനുറങ്ങിയത് ഏതോ ഒരു നിമിഷം ഞാനറിയാതെതന്നെ ടീച്ചർ കണ്ടിരിക്കണം, ഞാനെല്ലാം അറിയുന്നുണ്ട് എന്ന നോട്ടം പിന്നിലിരിക്കുന്ന ചേച്ചിമാർക്ക് കൊടുത്തുകഴിഞ്ഞ്, ചെറിയൊരു തോതിൽ, അത് എനിക്കും കിട്ടി. എന്തായാലും പണിപാളി.എനിക്കത് മനസ്സിലായെന്ന് ടീച്ചർ മനസ്സിലാക്കിയപ്പോൾ ഒരു ഡെയിലി റുട്ടീൻ എന്ന പോലെ, എന്റെ അടുത്ത് വന്ന് പറഞ്ഞു "ഉഴപ്പാണല്ലോ". 'അതെനിക്കും അറിയാം ടീച്ചറേ' എന്ന നോട്ടം ഞാൻ തിരിച്ച് മറുപടിയായി കൊടുത്തു.നല്ല തണുത്ത ദിവസം ആയിരുന്നു. എന്നിട്ടും,ടീച്ചറിന്റെ ക്ലാസ്സിലിരിക്കുമ്പോൾ എന്തൊരു ഉഷ്ണമാണെന്ന് ഞാനോർത്തു.
ഏകദേശം പത്ത് വർഷമായിട്ടുണ്ടാവണം ഞാൻ എന്റെ സ്കൂളും പരിസരവും കാണാൻ തുടങ്ങിയിട്ട്
ഞാനെന്ന വ്യക്തി ഏതൊക്കെ ഘട്ടങ്ങളിലൂടെ

കടന്നുപോയിട്ടുണ്ടോ,അതിന്റെയെല്ലാം സാക്ഷിയാണ്

എന്റെ കുടുംബവും ,സ്കൂളും. ഒന്നാലോചിക്കുമ്പോൾ എന്റെ ഭാവി ഞാൻ ഇന്ന്

സ്വപ്നം കാണുമ്പോൾ

അതിൽ എനിക്ക് ഒന്ന് ഉറപ്പായും നോക്കുന്നു,ഞാനിപ്പോൾ ഏതൊരു

വ്യക്തിയായിരിക്കുന്നുവോ

അതിന് എന്നെ സഹായിച്ച പ്രധാന ഘടകം കുടുംബവും,സ്കൂളും,ടീച്ചർമാരും

ക്ലാസുകളിൽ ഇരിക്കുമ്പോൾ

എത്ര പിച്ച് കിട്ടുമെന്ന് അറിയില്ല,പക്ഷേ കിട്ടിയതൊന്നും നൊന്തിട്ടില്ല ,

നോവിച്ചിട്ടില്ല ,

നോവിക്കാനൊട്ട് ആഗ്രഹിച്ചതുമില്ല.

-അവനിക വി.എം


9C



# വിജ്ഞാനഗോപുരം

ജീവിത മൂല്യങ്ങളുടെ ഉത്തമമാം പാഠങ്ങളും
വിദ്യയും വിവേകവും ഏകീടുന്നിവ
വിദ്യാലയം തന്നിലെ ഗുരുക്കന്മാരോ
നേർവഴികൾ കാട്ടിത്തരും
സ്നേഹമോടെ എന്നുമെപ്പോഴും കൂടെ

ജീവിതത്തിലോരോ പ്രത്യേകമാം അപസ്വരം
നേരിടേണം സർവ്വതും ധൈര്യപൂർവ്വമെ



പഠിച്ചിടാം പകർന്നിടാം അറിവിന്റെ

ആദ്യാക്ഷരം ലോകം മുഴുവൻ
അറിവിഞ്ഞാൽ നിറഞ്ഞീടട്ടെ

-അനന്യ പ്രതാപ്

9 B

# എ.പി.ജെ.അബ്ദുൽകലാം

ഇന്ത്യയുടെ പതിനൊന്നാമത് രാഷ്ട്രപതിയായിരുന്നു. അവുൽ പക്കീർ ജൈനലാബ്ദീൻ അബ്ദുൽ കലാം 1931 ഒക്ടോബർ 15ന് തമിഴ്നാട്ടിലെ രാമേശ്വരത്ത് ജനിച്ചു. ബാല്യകാലത്ത് പത്രവിതരണക്കാരനായി ജോലിചെയ്തിരുന്നു. സ്കൂൾകോളേജ് പഠനശേഷം,ബഹിരകാശ എൻജിനീയറിംഗിൽ ബിരുദം നേടിയ അദ്ദേഹം പ്രതിരോധഗവേഷണ വികസനകേന്ദ്രം (BRDO) ,ബഹിരാകാശഗവേഷണ വികസന കേന്ദ്രം(ISRO)തുടങ്ങിയ സ്ഥാപനങ്ങളിൽ ഉന്നതസ്ഥാപനങ്ങൾ വഹിച്ചു.ഇന്ത്യയുടെ മിസ്സൈൽ മനുഷ്യൻ എന്ന് കലാമിനെ വിശേഷിപ്പിക്കാറുണ്ട്.2002-2007 കാലഘട്ടത്തിൽ ഇന്ത്യയുടെ രാഷ്ട്രപതിയായി സേവനമനുഷ്ഠിച്ചു.രാജ്യത്തിന്റെ വിവിധ ഭാഗങ്ങളിൽ എത്തി വിദ്യാലയങ്ങൾ സന്ദർശിച്ചു.ജനകീയ പ്രസിഡന്റ് എന്നും അദ്ദേഹം അറിയപ്പെടുന്നു. നിരവധി അവാർഡുകൾ ലഭിച്ചിട്ടുണ്ട്.



ആർദ്ര.കെ.രാജീവ്
9 D

# വെൺതോരണങ്ങൾ


വാനിലെ വിസ്തൃതിയിൽ  തെളിയും ഘനമേറും
കാർമേഘം മെല്ലെയങ്ങ് പൊഴിയുന്നീ ധരയിൽ
ഉണങ്ങിവരണ്ടൊരാ പാടവും പുൽമേട്ടമാ
ആഹ്ലാദത്തിമിർപ്പോടെ ഉത്സവം കൊണ്ടാടുന്നു.

ഉത്സവകാലത്തെങ്ങും പ്രത്യക്ഷമാകും വെള്ളി-
തോരണംപോലെയല്ലാ പെയ്യുന്നീ മാരിയേവം
തോരണംപോലെയല്ലോ മോദമായ് കൊണ്ടാടുന്ന
ഉത്സവകാലമോരോ മാരിതൻ പെയ്ത്തുകാലം...........



ആഷിമ ഷിബു
9 B

# അടൂർ ഗോപാലകൃഷ്ണൻ



പത്തനംതിട്ട ജില്ലയിലെ അടൂരിൽ മാധവൻ ഉണ്ണിത്താന്റെയും ഗൗരികുഞ്ഞമ്മയംടേയും മകനായി 1941 ജൂലൈ 3ന് അദ്ദേഹം ജനിച്ചു.നാടകത്തോടുള്ളകമ്പം കാരണം അദ്ദേഹം 1962ൽ പൂനെ ഫിലീം ഇൻസ്റ്റിറ്റ്യൂട്ടിൽ സിനിമ സംവിധാനംപഠിക്കാൻ പോയി.ഒരു നല്ല നാടക സംവിധാനം എന്ന വിശ്വാസത്തിലാണ് സിനിമ സംവിധാനം പഠിക്കാൻ അദ്ദേഹം പോയത്. എന്നാൽ സിനിമ എന്ന മാധ്യമത്തിന്റെ കഴിവുകളെ അവിടെ വെച്ച് അദ്ദേഹം കണ്ടെത്തുകയായിരുന്നു.അദ്ദേഹം അങ്ങനെ സംവിധാനം ചെയ്ത ഒരു സിനിമയാണ് കൊടിയേറ്റം.സ്വയംവരം,എലിപ്പത്തായം, മുഖാമുഖം,അനന്തരം,വിധേ-യൻ തുടങ്ങിയവയാണ് പ്രധാന സിനിമ-കൾ. മികച്ച സിനിമക്കുള്ള അന്തർദേശീയ അവാർഡ് ആറുതവണ ലഭിച്ചു. പത്മശ്രീ, പത്മവിഭൂഷൻ തുടങ്ങി നിരവധി പുരസ്കാരങ്ങൾ ലഭിച്ചു.നിരവധി ഗ്രന്ഥങ്ങൾ അടൂർ രചിച്ചിട്ടുണ്ട്.

ആഷ്മിക. എസ്
9 C

# മധ്യകാല ഇന്ത്യ

ഇന്ത്യയിലെ തന്നെ ജാതിവ്യവസ്ഥയുടെ ഉത്പത്തിയെപ്പറ്റി രണ്ട് സിദ്ധാന്തങ്ങൾ ആണ് നിലവിലുള്ളത്. ഒന്ന് ആര്യൻമാർ ഇന്ത്യയിൽ വരുന്നതിനു മുന്നേ തന്നെ ഇവിടെ ജാതി സമ്പ്രദായങ്ങൾ നിലവിൽ ഉണ്ടായിരുന്നു എന്നും മറ്റേത് ആര്യന്മാരാണ് ജാതി സമ്പ്രദായം ആരംഭിച്ചതെന്നുമാണ്. കേരളത്തിൽ ജാതി സമ്പ്രദായം ആരംഭിച്ചത് ആര്യന്മാരാണെന്ന് വില്ല്യം ലോഗൻ മലബാർ മാനുവൽ എന്ന ഗ്രന്ഥത്തിൽ



രേഖപ്പെടുത്തിയിരിക്കുന്നു. ആദ്യത്തേതിന് തെളിവുകളുടെ പിൻബലമില്ല. ആര്യന്മാരുടെ വരവിനു മുന്നേ ജാതി വ്യവസ്ഥ നിലനിന്നു എന്നതിനോ സാമൂഹ്യ വ്യവസ്ഥിതി എങ്ങനെയായിരുന്നു എന്ന് അറിയുന്നതിനോ ശക്തമായ തെളിവുകൾ ഒന്നും ലഭിച്ചിട്ടില്ല. അതിനാൽ രണ്ടും വേർപ്പെടുത്തുക പ്രയാസമാണ്. എന്നാൽ ദക്ഷിണേന്ത്യയിലെ സാമൂഹിക സ്ഥിതിയെപറ്റി വ്യക്തമാക്കുന്ന സാഹിത്യ രേഖകൾ ആണ് സംഘകാലത്തേത്. എന്നാൽ


അന്നും ജാതിയുടെ പേരിൽ വ്യക്തമായ തിരിവുകൾ ഉണ്ടായിരുന്നില്ല. ആയർ, കുറവർ, വെള്ളാളർ, പരവർ എന്നിങ്ങനെയുള്ള ജനവിഭാഗങ്ങൾ ആണ് അന്ന് കേരളത്തിൽ ഉണ്ടായിരുന്നത്. എന്നാൽ ഇത് ജാതിയെക്കുറിക്കുന്ന വിഭാഗീയതയല്ല മറിച്ച് അവരവർ വസിക്കുന്ന സ്ഥലത്തിന്റെ അടിസ്ഥാനത്തിൽ അറിയപ്പെടുന്ന പേരാണ്. ഒരോ കൃതികളും അതത് സ്ഥലത്തെ ജനങ്ങളെപറ്റിയുള്ളവയാണ്.

സംഘ കാലത്തെ തമിഴരുടെ ഇടയിൽ പറയൻ (പറകൊട്ടുന്നവൻ), കടമ്പൻ (കർഷകൻ), തുടിയൻ (തുടികൊട്ടുന്നവൻ), പാണൻ (പാട്ടു പാടുന്നവൻ) എന്നീ വിഭാഗങ്ങൾ ഉണ്ട് എന്ന് തോൽകാപ്പിയർ, അദ്ദേഹത്തിനു ശേഷം ജീവിച്ചിരുന്ന മാങ്കുടിക്കീഴാർ എന്നിവർ സൂചിപ്പിച്ചിരിക്കുന്നു. എന്നാൽ അതും ജാതികൾ ആണെന്നു പറയുന്നില്ല. തൊഴിൽ സംബന്ധമായ തിരിവുകൾ മാത്രമേ അർത്ഥമാക്കുന്നുള്ളൂ. പൊതുവേ പറഞ്ഞാൽ സംഘകാലത്തോ അതിനു മുമ്പോ തെക്കേ ഇന്ത്യയിൽ ഇന്നു കാണുന്ന മട്ടിലുള്ള ജാതി വ്യവസ്ഥ നിലനിന്നിരുന്നില്ല. ഗംഗാസമതലത്തിൽ നിന്ന് പിൽക്കാലത്തു നടന്ന കുടിയേറ്റങ്ങൾക്കു ശേഷമാണ് പഴയ സ്ഥിതിക്കു മാറ്റം വരുന്നത്. ഉത്തരേന്ത്യൻ ജനപദങ്ങളിൽ നിന്ന് ക്രി.വ. നാലാം നൂറ്റാണ്ടുമുതലായിരിക്കണം തെക്കൻ ദേശങ്ങളിലേക്ക് കൂട്ടത്തോടെയുള്ള അധിനിവേശം ആരംഭിച്ചത്. അതിനു മുന്നേതന്നെ ഉത്തരേന്ത്യയിൽ അനിഷേധ്യ മേധാവിത്വം ഉറപ്പിച്ചിരുന്ന അവർ ആദ്യം ചെറിയ കുലങ്ങളേയും മറ്റും എതിർത്ത് തോൽപ്പിച്ചു. കൂടുതൽ എതിർപ്പ് പ്രകടിപ്പിച്ചവരേയും അവർക്ക് ഭയമുണ്ടായിരുന്ന വർഗ്ഗത്തേയും അവർ ദസ്യുക്കൾ എന്നാണ് വിളിച്ചിരുന്നത് . അവർക്ക് കീഴ്പെട്ടവരെ അവർക്ക് അഭിമതരായ ജാതിക്കാരാക്കി മാറ്റി. എന്നാൽ അവർക്ക് കീഴ്പെടുത്താനാവാത്തവരുടെ മേൽ ആധിപത്യം സ്ഥാപിക്കാൻ അവർ

കണ്ടെത്തിയ മാർഗ്ഗമാണ് ജാതിവ്യവസ്ഥ. ദ്രാവിഡ രാജാക്കന്മാരുമായി സൗഹൃദത്തിലായി അവർക്ക് ക്ഷത്രിയ പദവി കൽപിച്ചു നൽകി ബ്രാഹ്മണർക്ക് തൊട്ടു താഴെയുള്ള സ്ഥാനക്കാരാക്കി. ദ്രാവിഡ ദൈവങ്ങൾക്ക് വേദ പരിവർത്തനം നടത്തി ആര്യന്മാരാക്കി. വടക്കേ ഇന്ത്യയിലെ അന്നത്തെ ദൈവമായ പശുപതി ബ്രാഹ്മണദൈവമാക്കപ്പെട്ടു, ദക്ഷിണേന്ത്യയിലെ കുറവരുടെ ദൈവമായ മുരുകനെ ശിവപുത്രനായ കാർത്തികേയനായും മറവരുടെ കൊറ്റവയെ പാർവതിയായും ആയന്മാരുടെ ദൈവമായ മായോനെ കൃഷ്ണനായും വെള്ളാളരുടെ ഇന്ദ്രനെ ആര്യന്മാരുടെ ഇന്ദ്രനായും പരവരുടെ വരുണനെ വിഷ്ണുവായും സ്വാംശീകരിച്ചു. ഇതോടൊപ്പം രാജാക്കന്മാരുടെ കുലത്തെ മഹാഭാരത പരാമർശിതമായ സൂര്യ, ചന്ദ്ര, യദു വംശങ്ങളോട് ബന്ധിച്ചു. അവരെ സംബന്ധിച്ചിടത്തോളം ഇത് മഹത്തായ പാരമ്പര്യം ദാനമായി ലഭിക്കുന്നതിനു തുല്യമായിരുന്നു. തെക്കേ ഇന്ത്യയിലാണ് അവർക്ക് കൂടുതൽ എതിർപ്പുകൾ നേരിടേണ്ടി വന്നത്.

-അനന്യ ആൻ പ്രകാശ്
9 C

# മോതിരമാകുന്ന ജീവിതം



എൻ കൈകളിൽ സ്ഥിരമായി
വലിഞ്ഞു മുറുക്കിയ ചരടാകുന്ന
മൊതിരം പോലെയാണ്നാമീ
ജീവിക്കുന്ന ജന്മനാൾ മുതൽ
മണ്ണിലടിയും വരെ നമ്മെ
കുരുക്കൽ മുറുകിയിരിക്കുന്ന
ജിവതവും, അർക്കന്റെ ആഗമന-
നിമിഷത്തിൽ ഉണരും തൊട്ട്
അസ്തമനനിമിഷം വരെ ഉഷ്ണമേറിയ
തൊഴിലിൽ ഏർപ്പെട്ടതിനുശേഷം
തിരികെ മയക്കത്തിലേക്കു മടങ്ങുന്നി
ജീവിതമാകുന്ന കുരുക്ക് കൈകളിൽ
മുറുകിയ മോതിരമാണ്
എന്നതിനൊരാന്ത്യം?!
മരണമാകുമോ ഇതിനുത്തരം
എന്നാൽ എന്തിനീകുരുക്ക് ആവുന്ന
മൊതിരം നാം കൈകളിൽ ധരിക്കുന്നു

-ദേവനന്ദന പ്രകാശ്

9 C

# ജവഹർലാൽ നെഹ്റു

അലഹബാദിൽ 1889 നവംബർ 14നാണ് പണ്ഡിറ്റ് ജവഹർലാൽ നെഹ്റു ജനിച്ചത്. ബാല്യകാലത്ത് അധ്യാപകർ വീട്ടിലെത്തി പഠിപ്പിക്കുകയായിരുന്നു. പതിനഞ്ചാം വയസ്സിൽ വിദ്യാഭ്യാസം നേടുന്നതിനായി ഇംഗ്ലണ്ടിലെത്തി. രണ്ടു വർഷം ഹാരോയിൽ പഠിച്ചശേഷം കാംബ്രിജ് സർവകലാശാലയിൽ ചേർന്നു നാച്വറൽ സയൻസ് പഠിച്ചു. പിന്നീട്, ഇന്നർ ടെംപിളിൽ നിയമപഠനം പൂർത്തിയാക്കി പ്രാക്ടീസ് ആരംഭിച്ചു. 1912ൽ ഇന്ത്യയിൽ തിരിച്ചെത്തി . തുടർന്ന് രാഷ്ട്രീയപ്രവർത്തനത്തിലേക്കാണ് തിരിഞ്ഞത്.
വിദ്യാർഥിയായിരിക്കെത്തന്നെ, വിദേശ അടിമത്തം അനുഭവിക്കുന്ന രാജ്യങ്ങളിൽ നടക്കുന്ന സമരങ്ങളിൽ അദ്ദേഹം താൽപര്യമെടുത്തിരുന്നു. അയർലൻഡിലെ സിൻ ഫെയ്ൻ പ്രസ്ഥാനത്തെ അടുത്തറിയാൻ ശ്രമിച്ചു. ഇത്തരം ചിന്തകൾ നിറഞ്ഞ മനസ്സുമായാണ് സമരഭൂമിയായ ഭാരതത്തിലേക്ക് അദ്ദേഹമെത്തിയത്.



1912ൽ ബങ്കിപ്പൂർ കോൺഗ്രസിൽ പ്രതിനിധിയായി പങ്കെടുത്തു. 1919ൽ അലഹബാദ് ഹോംറൂൾ ലീഗിന്റെ സെക്രട്ടറിയായി. 1916ൽ മഹാത്മാഗാന്ധിയെ ആദ്യമായി കണ്ടു. ആ കൂടിക്കാഴ്ച പണ്ഡിറ്റ് നെഹ്റുവിനു പ്രചോദനമേകി. 1920ൽ ഉത്തർപ്രദേശിലെ പ്രതാപ്ഗഢിൽ ആദ്യ കിസാൻ മാർച്ച് സംഘടിപ്പിച്ചത് അദ്ദേഹമാണ്. 1920-22ൽ നിസ്സഹകരണ സമരവുമായി ബന്ധപ്പെട്ട് രണ്ടു തവണ ജയിലിലടയ്ക്കപ്പെട്ടു.
1923 സെപ്റ്റംബറിൽ ഓൾ ഇന്ത്യാ കോൺഗ്രസ് കമ്മിറ്റി ജനറൽ സെക്രട്ടറി സ്ഥാനത്തെത്തി. 1926ൽ ഇറ്റലി, സ്വിറ്റ്സർലൻഡ്, ഇംഗ്ലണ്ട്, ബെൽജിയം, ജർമനി, റഷ്യ എന്നീ രാജ്യങ്ങൾ സന്ദർശിച്ചു. ബൽജിയത്ത് കോൺഗ്രസ് ഓഫ് ഒപ്രസ്ഡ് നാഷനാലിറ്റീസ് ഓഫ് ബ്രസൽസിൽ ഇന്ത്യൻ നാഷണൽ

കോൺഗ്രസിന്റെ പ്രതിനിധിയായി പങ്കെടുത്തു. 1927ൽ മോസ്കോയിൽ

നടന്ന, ഒക്ടോബർ സോഷ്യലിസ്റ്റ് റെവല്യൂഷന്റെ പത്താം വാർഷികാഘോഷച്ചടങ്ങിലും സംബന്ധിച്ചു. 1926ൽ, സ്വാതന്ത്ര്യം നേടിയെടുക്കാൻ പ്രതിജ്ഞാബദ്ധമാണെന്ന തീരുമാനം മദ്രാസ് കോൺഗ്രസ് കൈക്കൊണ്ടതിനു പിന്നിൽ പ്രവർത്തിച്ചതു പണ്ഡിറ്റ് നെഹ്റുവാണ്. 1928ൽ സൈമൺ കമ്മീഷനെതിരെ ലഖ്നൗവിൽ പ്രകടനം നയിക്കുന്നതിനിടെ പൊലീസിന്റെ ലാത്തിച്ചാർജിനു വിധേയനായി. 1928 ഓഗസ്റ്റ് 29നു നടന്ന ഓൾ-പാർട്ടി കോൺഗ്രസിൽ പങ്കെടുക്കുകയും ഇന്ത്യൻ ഭരണഘടനാ പരിഷ്കാരത്തിനായുള്ള നെഹ്റു റിപ്പോർട്ടിൽ ഒപ്പു വയ്ക്കുകയും ചെയ്തിട്ടുണ്ട്. അദ്ദേഹത്തിന്റെ പിതാവ് മോട്ടിലാൽ നെഹ്റുവിന്റെ പേരിലാണു റിപ്പോർട്ട് അറിയപ്പെടുന്നത്. അതേവർഷം അദ്ദേഹം 'ഇൻഡിപെൻഡൻസ് ഫോർ ഇന്ത്യ ലീഗ്' സ്ഥാപിച്ചു. അതിന്റെ സ്ഥാപക ജനറൽ സെക്രട്ടറിയായി തെരഞ്ഞെടുക്കപ്പെടുകയും ചെയ്തു. ബ്രിട്ടനും ഇന്ത്യയുമായുള്ള ബന്ധം പൂർണമായും അവസാനിപ്പിക്കുകയെന്നതായിരുന്നു ലക്ഷ്യം.

1929ൽ ഇന്ത്യൻ നാഷണൽ കോൺഗ്രസിന്റെ ലാഹോർ സെഷന്റെ പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു. ഇവിടെ വച്ചാണ് സമ്പൂർണ സ്വരാജ് എന്ന പ്രഖ്യാപനമുണ്ടായത്. 1930-35 കാലഘട്ടത്തിൽ ഉപ്പുസത്യാഗ്രഹമുൾപ്പെടെയുള്ള സമരങ്ങളുമായി ബന്ധപ്പെട്ടു പലതവണ അറസ്റ്റ് വരിക്കേണ്ടിവന്നിട്ടുണ്ട്. 1935 ഫെബ്രുവരി 14ന് അൽമോറ ജയിലിൽ വച്ചാണ് അദ്ദേഹം ആത്മകഥ പൂർത്തിയാക്കിയത്. ജയിൽമോചിതനായതോടെ സ്വിറ്റ്സർലൻഡിൽ ചികിത്സയിൽ കഴിയുകയായിരുന്ന ഭാര്യയെ സന്ദർശിക്കാനായി തിരിച്ചു. 1936 ഫെബ്രുവരി- മാർച്ചിൽ ലണ്ടൻ സന്ദർശിച്ചു. ആഭ്യന്തരയുദ്ധം കൊടുമ്പിരിക്കൊണ്ട 1938 ജൂലൈയിൽ അദ്ദേഹം സ്പെയിനിലെത്തി. രണ്ടാം ലോകമഹായുദ്ധം പൊട്ടിപ്പുറപ്പെടുന്നതിനു തൊട്ടുമുൻപായിരുന്നു പണ്ഡിറ്റ് നെഹ്റുവിന്റെ ചൈനാ സന്ദർശനം.

1940 ഒക്ടോബർ 31ന് ഏകാംഗ സത്യാഗ്രഹം നടത്തിയതിന് പണ്ഡിറ്റ് നെഹ്റു അറസ്റ്റിലായി. ഇന്ത്യയെ നിർബന്ധിതമായി ലോകമഹായുദ്ധത്തിൽ പങ്കാളിയാക്കിയതിൽ പ്രതിഷേധിച്ചായിരുന്നു സത്യാഗ്രഹം. മറ്റു നേതാക്കൾക്കൊപ്പം 1941 ഡിസംബറിലാണ് അദ്ദേഹം ജയിൽമോചിതനായത്. ചരിത്രപ്രസിദ്ധമായ 'ക്വിറ്റ് ഇന്ത്യ' പ്രമേയം 1942

ഓഗസ്റ്റ് ഏഴിനു ബോംബെയിൽ നടന്ന എ.ഐ.സി.സി. സമ്മേളനത്തിൽ പണ്ഡിറ്റ് നെഹ്റു അവതരിപ്പിച്ചു. അടുത്ത ദിവസം അറസ്റ്റ് ചെയ്യപ്പെട്ട അദ്ദേഹത്തെയും മറ്റു നേതാക്കളെയും അഹമ്മദ്നഗർ ഫോർട്ടിലേക്കു കൊണ്ടുപോയി. ഇതായിരുന്നു ഏറ്റവും ദൈർഘ്യമേറിയ ജയിൽവാസം; അവസാനത്തേതും. ആകെ ഒൻപതു തവണ അദ്ദേഹം ജയിലിലടയ്ക്കപ്പെട്ടു. 1945ൽ ജയിലിൽനിന്നു വിട്ടയയ്ക്കപ്പെട്ടപ്പോൾ ആദ്യം ചെയ്തത് രാജ്യദ്രോഹക്കുറ്റം ചുമത്തപ്പെട്ടിരുന്ന ഐ.എൻ.എ. ഓഫീസർമാർക്കു നിയമസഹായം നൽകാൻ സംവിധാനമൊരുക്കുകയാണ്. 1946 മാർച്ചിൽ അദ്ദേഹം തെക്കുകിഴക്കൻ ഏഷ്യ സന്ദർശിച്ചു. 1946 ജൂലൈ ആറിന് നാലാമത്തെ തവണ കോൺഗ്രസ് പ്രസിഡന്റായി തെരഞ്ഞെടുക്കപ്പെട്ടു. പിന്നീട് 1951നും 54നും ഇടയിൽ മൂന്നു തവണകൂടി പണ്ഡിറ്റ് നെഹ്റു ആ പദവിയിലെത്തി .1964 മെയ് 27ന് അന്തരിച്ചു.

ദേവനന്ദ എം
9 D

# സ്വാമി വിവേകാനന്ദൻ

ജനവരി 12 ഭാരതത്തിലെ ദേശീയ യുവജനദിനമായി ആചരിക്കുന്നു.1984ലാണ് ഭാരത സർക്കാർ ഈ ദിവസം ദേശീയ യുവജനദിനമായി ആഘോഷിക്കാൻ തീരുമാനിച്ചത്.ഭാരതത്തിലെ സന്യാസിമാരിൽ അറിയപ്പെട്ടിരുന്ന വ്യക്തിയായിരുന്ന വിവേകാനന്ദന്റെ ജന്മദിനമാണ് ദേശീയ യുവജനദിനമായി



കൊണ്ടാടുന്നത് എന്ന സവിശേഷതയുമുണ്ട്. സ്വാമി വിവേകാനന്ദന്റെ തത്ത്വങ്ങളും ആശയങ്ങളും ഇന്ത്യ യുവത്വത്തിന് ഉണർവ് നൽകി .കൊൽക്ക ത്തയിലെ സിംല എന്ന പട്ടണത്തിലായിരു ന്നു ജനനം.ഒരു സമ്പന്നകുടുംബത്തില ായിരുന്നു അദ്ദേഹം ജനിച്ച് വളർന്നത്.വിശ്വനാഥ് ദത്തയുടെയും ഭുവനേശ്വരിയുടെയും പത്ത് മക്കളിൽ ആറാമതെ പുത്രനായിരുന്നു അദ്ദേഹം.സന്യാസി യാകുന്നതിനു മുൻപ് നരേന്ദ്രനാഥ് ദത്ത എന്നായിരുന്നു പേര്.തത്ത്വ ശാസ്ത്രത്തിന്റെ ആധുനിക കാലത്തേ ഏറ്റവും ശക്തനായ വ്യക്തിയും ഇന്ത്യയിലെമ്പാടും സ്വധീനമറിയിച്ച ആത്മീയ ഗുരുവുമായിരുന്നു.രാമകൃഷ്ണപരമഹംസന്റെ പ്രധാന ശിഷ്യനും, രാമകൃഷ്ണ മഠം ,രാമകൃഷ് മിഷൻ എന്നിവയുടെ സ്ഥാപകനുമാണ്. 1902 ജുലൈ 4നാണ് അദ്ദേഹം ഈ ലോകത്തോടെ വിട പറഞ്ഞത് .സമാധി സമയത്തെ അദ്ദേഹത്തിന് 39 വയസ്സായിരുന്നു ഔദ്യോഗികമായി അദ്ദേഹത്തിന്റെ മരണകാരണം മസ്തിഷ്കാഘാതമായിരുന്നു.അദ്ദേഹം ഇന്നും ജനങ്ങളുടെ മനസ്സിൽ നിറഞ്ഞു നിൽക്കുന്നു.

ദിവ്യ പി ആർ
9 C

# മഹാത്മാ ഗാന്ധി

ഇന്ത്യൻ ദേശീയ പ്രസ്ഥാനത്തിന്റെ ഒരു വലിയ ഭാഗം മോഹൻ ദാസ് കരംചന്ദ് ഗാന്ധി എന്ന മനുഷ്യന്റെ പ്രഭാവലയത്തിലായിരുന്നു. ഇന്ത്യയുടെ രാഷ്ട്രപിതാവും യുഗസൃഷ്ടാവുമായ മോഹൻദാസ് കരംചന്ദ് ഗാന്ധി ഗുജറാത്തിലെ പോർബന്ദറിൽ ഒരു ബനിയ(വൈശ്യ) കുടുംബത്തിൽ ജനിച്ചു. ഇംഗ്ലണ്ടിൽ നിയമം പഠിച്ച് ദക്ഷിണാഫ്രിക്കയിലെ ഒരു ഇന്ത്യൻ സ്ഥാപനത്തിൽ ജോലി സ്വീകരിച്ചു. ദക്ഷിണാഫ്രിക്കയിൽ ഇന്ത്യക്കാരുടെ അവകാശങ്ങൾക്കായി വാദിച്ച ഗാന്ധി 1906ൽ ആദ്യമായി, തന്റെ അക്രമണരഹിത പ്രതിരോധമായ സത്യാഗ്രഹം പ്രയോഗിച്ചു. വർണവിവേചനം കൊടികുത്തി വാണിരുന്ന ദക്ഷിണാഫ്രിക്കയിൽ അതിനെതിരെ പ്രതികരിക്കാൻ ഫീനിക്സ് ഫാം, ടോൾസ്റ്റോയ് ഫാം തുടങ്ങിയ സംഘടനകൾ അദ്ദേഹം സ്ഥാപിച്ചു. 1914ൽ ഇന്ത്യയിൽ തിരിച്ചെത്തിയ ഗാന്ധിജി സ്വയം ഭരണത്തിനായുള്ള ഒരു ദേശവ്യാപകസമരത്തിന്റെ നേതാവായി. ബ്രിട്ടീഷുകാർക്കെതിരെ സമാധാനപരമായി സമരം ചെയ്യുന്നതിൽ മുഴുകി. 'സത്യാഗ്രഹം' എന്നാണ് ഈ സമരമുറ അറിയപ്പെട്ടത്. ഗാന്ധിജി 1916ൽ ഗുജറാത്തിലെ അഹമ്മദാബാദിൽ സബർമതി എന്ന ആശ്രമം സ്ഥാപിച്ചു. ഗാന്ധിയൻ സത്യാഗ്രഹങ്ങളുടെ കേന്ദ്രമായി ഇത് പ്രവർത്തിച്ചു. 1917ൽ ബിഹാറിലെ ചമ്പാരൻ ജില്ലയിലെ നീലം കർഷകരുടെ പ്രശ്നങ്ങളിൽ ഇടപെട്ടുകൊണ്ടാണ് ഗാന്ധിജി ഇന്ത്യൻ ദേശീയ സമരരംഗത്ത് പ്രവേശിച്ചത്. തോട്ടം ഉടമകളുടെ ചൂഷണത്തിനെതിരെ ഗാന്ധിജി നടത്തിയ സത്യാഗ്രഹസമരം വിജയിച്ചു. 1918ൽ അഹമ്മദാബാദിലെ മിൽ തൊഴിലാളികൾ കൂലി വർദ്ധനവ് ആവശ്യപ്പെട്ട് നടത്തിയ സമരം, അതേ വർഷം ഗുജറാത്തിലെ കർഷകർ നികുതിയിളവിന് വേണ്ടി നടത്തിയ ഖേദാ സമരം തുടങ്ങിയവയിലെല്ലാം ഗാന്ധിജി ഇടപ്പെട്ട് വിജയിച്ചു. ഇതോടെ

ജനങ്ങൾ ഗാന്ധിജിയെ തങ്ങളുടെ നേതാവായി കണ്ടുതുടങ്ങി. ഭാരതത്തിൽനിരവധി പേർ ഗാന്ധിയൻ ആദർശങ്ങൾ പിന്തുടരാനാരംഭിച്ചു. ഇന്ത്യൻ നാഷണൽ കോൺഗ്രസിനെ ഇന്ത്യൻ ദേശീയതയുടെ ഫലപ്രദമായ ഒരു രാഷ്ട്രീയ ആയുധമാക്കിമാറ്റിയ ഗാന്ധി 1920ൽ നിസഹകരണ

പ്രസ്ഥാനവും, 1930ൽ നിയമലംഘന പ്രഖ്യാപനവും നടത്തി പ്രമുഖ അക്രമരഹിത പ്രക്ഷോഭങ്ങൾ ഏറ്റെടുത്തു. ഗവൺമെന്റ് കുത്തകക്കെതിരെ ഉപ്പു ശേഖരിക്കാൻ സമുദ്രതീരത്തേക്കു നടത്തിയ ഐതിഹാസികമായ യാത്രയും (ദണ്ഡി മാർച്ച്) ഇതിലുൾപ്പെടും. 1931ൽ രണ്ടാം വട്ടമേശസമ്മേളനത്തിന് ഇംഗ്ലണ്ടിൽ പോയെങ്കിലും പരാജയമായി.1930-കളിൽ ഇദ്ദേഹം ഇന്ത്യയിലെ തൊട്ടുകൂടാത്തവർക്കെതിരെയുള്ള വിവേചനം അവസാനിപ്പിക്കുന്നതിനും പ്രക്ഷോഭം നടത്തി. ഗ്രാമീണ ഇന്ത്യയിൽ വിദ്യാഭ്യാസം പ്രചരിപ്പിക്കുന്നതിനും കുടിൽ വ്യവസായം പ്രോത്സാഹിപ്പിക്കുന്നതിനും ഗാന്ധി ശ്രമിച്ചു. 1942ൽ മുംബൈയിൽ ചേർന്ന കോൺഗ്രസ് സമ്മേളനം ക്വിറ്റ് ഇന്ത്യാ പ്രമേയം അംഗീകരിച്ച് സമരം ചെയ്തു. 1947ൽ ഇന്ത്യ സ്വാതന്ത്ര്യമായെങ്കിലും ഇന്ത്യാവിഭജനം അദ്ദേഹത്തെ നിരാശനാക്കി. 1948ൽ ബിർളാ മന്ദിരത്തിൽ നടന്ന പ്രാർത്ഥനാ യോഗത്തിൽ വച്ച് ഒരു മതഭ്രാന്തൻ ഗാന്ധിജിയെ വെടിവെച്ചു കൊന്നു. 'എന്റെ സത്യാന്വേഷണ പരീക്ഷണങ്ങൾ' എന്ന കൃതി അദ്ദേഹത്തിന്റെ ആത്മകഥയാണ്.

- ഡിയോണ എലിൻ ജേക്കബ്

9 D



# രവീന്ദ്രനാഥ് ടാഗോർ [1861-1941]



കൽക്കട്ടയിൽ 1861 മെയ് 7ന് മഹർഷി രവീന്ദ്രനാഥ് ടാഗോറിന്റെയും ശാരദാദേവിയുടെയും
മക്കളിൽ ആറാമനായി രവീന്ദ്രനാഥ് ടാഗോറ് ജനിച്ചു.ഇന്ത്യൻ ദേശീയ കവിയായ ടാഗോർ
ദേശീയ ഗാനരചയിതാവാണ്. ടാഗോറിന്റെ 17 വയസ്സിൽ തന്റെ ആദ്യ കവിതാസമാഹാരം രൂപീകരിച്ചു.ദയമില്ലാത്ത ഒരു മനസ്സ് എന്ന ആശയവുമായി 1901ൽ ശാന്തിനികേതൻ എന്ന വിദ്യാലയം അദ്ദേഹം ആരംഭിച്ചു.

ടാഗോറിന്റെ ഏറ്റവും മൂല്യമുള്ള രചന എന്നറിയപ്പെടുന്നത് 1909ൽ രൂപീകൃതമായ ഗീതാജ്ഞലിയാണ്. 1913ൽ സാഹിത്യത്തിനുള്ള നൊബേൽ സമ്മാനം ലഭിച്ചു. ഈ പുരസ്കാരത്തിന് അർഹനാകുന്ന ആദ്യത്തെ ഏഷ്യക്കാരനായിരുന്നു ടാഗോർ.

ഭാവഗീതങ്ങളടക്കിയ രണ്ടായിരത്തിൽപ്പരം പാട്ടുകൾ ബംഗാളി ഭാഷയിൽ ടാഗോർ രചിക്കുകയുണ്ടായി.അതിൽ 2 പാട്ടുകൾ ഇന്ത്യയുടെയും,ബംഗ്ളാദേശിന്റെയും ദേശീയ ഗാനങ്ങളായി അംഗീകരിക്കപ്പെട്ടു. ചിത്ര രചനയിലും അതീവ തൽപരനായിരുന്ന അദ്ദേഹം. 1915ൽ ബ്രിട്ടീഷ് രാജാവായ ജോർജ്ജ് അഞ്ജാമൻ `പ്രഭു' [നൈറ്റ്ഹുഡ് ] പദവി ടാഗോറിന് നൽകി ആദരിച്ചു.എന്നാൽ 1919ൽ ജാലിയൻവാലാബാഗിൽ നടന്ന കൂട്ടക്കൊലയിൽ പ്രതിഷേധിച്ച് `പ്രഭു 'പദവി സ്ഥാനം അദ്ദേഹം ഉപേക്ഷിച്ചു. 1941 ആഗസ്റ്റ് 7ന് രവീന്ദ്രനാഥ് ടാഗോർ അന്തരിച്ചു .

ഫഹ്മിയ ആരിഫ്9D

# പ്രകൃതിയിലെ ജീവൻ



കൂട്ടുകാരെ, നമ്മുക്ക് താങ്ങും

തണലും ആകുന്നത് വൃക്ഷങ്ങളും

ചെടികളും

പുഴകളുമൊക്കെയല്ലേ....അവ

തണലാവുക

മാത്രമല്ലല്ലോ...മരങ്ങളിൽ കായ്ക്കുന്ന ഗുണമേന്മയുള്ള പഴങ്ങളും

പച്ചക്കറികളുമൊക്കെ നമ്മുക്ക് ഭക്ഷണമാവുകയും ചെയ്യും, അതുപോലെ

പുഴകളും നദികളുമൊക്കെ നമ്മെ സഹായിക്കും. നമ്മൾ ഒരു കൊടും

വനത്തിൽ അകപ്പെട്ടുപോയി എന്ന് സങ്കൽപ്പിക്കു....നാം ആശ്രയിക്കുന്നത്

അവിടെയുള്ള പഴങ്ങളേയും നദികളെയുമൊക്കെയല്ലേ...?

നാം എല്ലാവരും ഈ ഭൂമിയിൽ ജീവിച്ചിരിക്കുന്നത്

തന്നെ ഈ മരങ്ങളും ചെടികളും കാരണമല്ലെ...ഈ മരങ്ങളിൽനിന്നും

ചെടികളിൽ നിന്നുമൊക്കെയല്ലെ നമ്മുക്ക് ശ്വസിക്കാനുള്ള വായു

ലഭിക്കുന്നത്. അപ്പോൾ നമ്മുക്ക് ഇവയൊന്നുമില്ലാത്ത ഒരു ലോകത്തെ

പറ്റി ചിന്തിക്കാൻ കഴിയുമോ...? പക്ഷെ മനുഷ്യർ ഇവയെല്ലാം അറിഞ്ഞിട്ടും

പ്രകൃതിയെ നശിപ്പിച്ച് ആ സ്ഥാനത്ത് വലിയ കെട്ടിടങ്ങളും

വീടുകളുമൊക്കെ നിർമ്മിക്കുന്നു. നാം ഓരോരുത്തരും ഇങ്ങനെയുള്ള പ്രവർത്തനങ്ങൾ തടയണം, ഇല്ലെങ്കിൽ നമ്മൾ മനുഷ്യരുടെയും മറ്റു ജീവജാലങ്ങളുടെയും  നിലനിൽപ്പ് തന്നെ ഇല്ലാതാകും...അതുകൊണ്ട് നാം ഒരോരുത്തരും പ്രകൃതിയെ നശിപ്പിക്കാതെ മരങ്ങളും ചെടികളുമൊക്കെ വച്ചുപിടിപ്പിക്കുക...

അങ്ങനെ നമ്മുക്ക് ഈ ലോകത്തെ രക്ഷിക്കാം...

ഗായത്രി വിനോദ്
9C

# ഐക്യസ്നേഹം

മാനവഹൃദയങ്ങളിൽ വേരുന്നിവളർന്നിടുന്ന
പാരസ്പര്യമനോഭവം നിലനിൽക്കട്ടെ
അന്യനെന്ന ചിന്തയകറ്റീടാം നമുക്കെക്കാലവും
സ്നേഹിതരായ് ,ഐക്യത്തോടെ നിലനിന്നീടാം.
ജാതിമതവർഗ്ഗഭേദമന്യേ പരിഗണിച്ചീടാം
ഏവരെയും മനുഷ്യരായ് .

ഒരു വൃക്ഷം തന്നിൽ ഉൾക്കൊണ്ടീടാം
ഫലമൂലാദികൾ ,ശിഖരങ്ങൾ,തളിരുകൾ
വിവിധമാം അർത്ഥങ്ങൾ കൽപ്പിച്ചീടാം ഇവയ്ക്കായ് നാം
ജീവിതപാഠങ്ങളായിട്ടിവ ഭവിച്ചീടട്ടെ
ലോകമാകും പൂന്തോട്ടത്തിൽ നിത്യേന വളർന്നും വരും
സുന്ദരപുഷ്പങ്ങളാം മാനവരേവം.

ഹൃദ്യ അജികുമാർ
9B



# മൊട്ട്

സസ്യത്തിനുള്ളിലെ ഇരുട്ടും ശാന്തതയും എനിക്ക് ഒട്ടും ഇഷ്ടമല്ലായിരുന്നു. എന്തിനാണ്എന്നെ ഈ ഇരുട്ടിൽ ജനിപ്പിച്ചത് എന്നോർത്ത് ഞാൻ



വിഷമിച്ചു. കുറച്ചുനാൾ കഴിഞ്ഞപ്പോൾ ആ ഒച്ചപ്പാടും ബഹളവും കേട്ടാണ് ഞാൻ കണ്ണുതുറന്നത്. കുറച്ച് ആളുകളും വണ്ടികളും അങ്ങോട്ടും ഇങ്ങോട്ടും പോകുന്നു. ആ ഒച്ചപ്പാടും ബഹളവും കേട്ടപ്പോൾ ഞാനൊന്ന് ഭയന്നു. മനുഷ്യർ എന്റെ അരികിലൂടെ നടന്നുപോകുമ്പോൾ എന്റെ നെഞ്ചിടിപ്പ് കൂടും. എന്തുകൊണ്ടെന്നാൽ ഒരു പെൻസിലിനേക്കാൾ കുഞ്ഞുതായതുകൊണ്ട് എപ്പോൾ വേണമെങ്കിലും ചവിട്ടുകൊണ്ട് ഞാൻ മരിച്ചേക്കാം. ഓരോ നിമിഷവും ഞാൻ ഭയന്നായിരുന്നു ജീവിച്ചിരുന്നത്. നാളുകൾകടന്നതോടൊപ്പം ഞാനും വളർന്നു കൊണ്ടിരുന്നു. ഒരു ദിവസം നല്ല തണുത്ത കാറ്റ് വീശി. അപ്പോഴാണ് എന്തോ ഒരു വസ്തു എന്റെ മേൽ വന്ന് വീണത്. അന്നാണ് ഞാൻ മഴയെ പരിചയപ്പെട്ടത് . അവൻ ഇടക്കിടെ എന്നെ  കാണാനായി വരുമായിരുന്നു. കുറച്ച് നാളുകൾക്ക് ശേഷം എനിക്ക് മൊട്ടിട്ടു. ഞാൻ വിടർന്നു. ചിത്രശലഭങ്ങൾ എന്റെ തേൻ നുകരാൻ വരും. അങ്ങനെ എന്റെ ജീവിതം തുടർന്നു.

ഐറിൻ റോസ് ബിജു
9B

# മഴമുകിൽ

കാർമുകിലെ മഴമുകിലെ
വാനിൽ കാർവർണ്ണനിറമേറിയ മുകിലെ
ആകാശകോണിലങ്ങകലെയായ് നീ
മനതാരിലാശയായ് നിന്നീടവെ
വർഷമായ് നീയെന്നിൽ പേയ്തീടുവാൻ
ആകാംഷയോടെ ഞാൻ കാത്തിരുന്നു......
ഓരോരോ തുള്ളികൾ നീയെന്നിൽ ചൊരിയവെ
സന്തോഷമോടെ ഞാൻ മതിമറന്നു
ഉന്മത്തയായ് നീ പെയ്തൊഴിഞ്ഞു
തെളിമയായ് നിന്നി ഭൂമിയും വാനവും
പ്രാർത്ഥനയോടെ ഞാൻ നിന്നെ നോക്കി
കണ്ടിലൊരിടത്തും നിൻ നിഴൽപോലും
എൻ ജീവിതത്തിൻ കരിമുകിലുകളും
ഇതുപോലെ  പേയ്തങ്ങൊഴിഞ്ഞിടട്ടെ........

ജിബിയ ജോബ്
9C

# ഉള്ളൂർ . എസ് . പരമേശ്വര അയ്യർ

മലയാള ഭാഷയിലെ പ്രമുഖ കവിയും പണ്ഡിതനുമായിരുന്ന മഹാകവി ഉള്ളൂർ എസ്സ്. പരമേശ്വരയ്യർ (1877 ജൂൺ 06–1949 ജൂൺ 15) ചങ്ങനാശ്ശേരിയിലെ പെരുന്നയിൽ താമരശ്ശേരി ഇല്ലത്താണ് ജനിച്ചത്. തിരുവനന്തപുരം ഉള്ളൂർ സ്വദേശിയായ പിതാവ് സുബ്രഹ്മണ്യ അയ്യർ ചങ്ങനാശ്ശേരിയിൽ സ്കൂൾ അദ്ധ്യാപകനായിരുന്നു. അമ്മ ചങ്ങനാശേരി സ്വദേശിനിയായ ഭഗവതിയമ്മ. അദ്ദേഹം പെരുന്നയിൽ തന്നെയാണ് ബാല്യകാലം ചെലവഴിച്ചത്. അച്ഛന്റെ അകാലമരണത്തെത്തുടർന്ന് അമ്മയോടൊപ്പം അച്ഛന്റെ നാടായ ഉള്ളൂരിലേക്കു താമസം മാറി. പിതാവിന്റെ മരണം പരമേശ്വരന്റെ വിദ്യാഭ്യാസ മോഹങ്ങളിൽ കരിനിഴൽ വീഴ്ത്തി. എങ്കിലും അമ്മയുടെ പ്രോത്സാഹനവും സമർപ്പണവും അദ്ദേഹത്തെ ഉന്നതവിദ്യാഭ്യാസത്തിന്റെ പാതയിലെത്തിച്ചു. തിരുവനന്തപുരത്തെ മഹാരാജാസ് കോളജിൽ ചേർന്ന അദ്ദേഹം 1897ൽ തത്വശാസ്ത്രത്തിൽ ഓണേഴ്സ് ബിരുദം നേടി. ബിരുദം നേടിയ ശേഷം തിരുവിതാംകൂർ സർക്കാർ ഉദ്യോഗസ്ഥനായി. ജോലിയിലിരിക്കെ നിയമത്തിൽ ബിരുദവും, മലയാളത്തിലും, തമിഴിലും ബിരുദാനന്തര ബിരുദവും നേടി.

ഉള്ളൂർ, കുമാരനാശാൻ, വള്ളത്തോൾ എന്നീ കവികൾ ഇരുപതാം നൂറ്റാണ്ടിന്റെ ആരംഭത്തിൽ മലയാളസാഹിത്യത്തിലെ കാല്പനിക പ്രസ്ഥാനത്തിനു നന്ദികുറിച്ച് ശ്രദ്ധേയരായി. സാഹിത്യ ചരിത്രത്തിൽ ഇവർ കവിത്രയം എന്നറിയപ്പെടുന്നു. കവി എന്നതിനു പുറമേ ചരിത്രകാരനായും, സർക്കാർ ഉദ്യോഗസ്ഥനായും ഉള്ളൂർ പേരെടുത്തിരുന്നു. തിരുവനന്തപുരം ടൗൺ സ്കൂൾ അദ്ധ്യാപകൻ, ജനസംഖ്യാ വകുപ്പിൽ ഗുമസ്തൻ, തഹസീൽദാർ, മുൻസിഫ്, അസിസ്റ്റന്റ് സെക്രട്ടറി എന്നീ ഔദ്യോഗിക സ്ഥാനങ്ങൾ വഹിച്ച അദ്ദേഹം തിരുവിതാംകൂറിലെ ഇൻകം ടാക്സ് കമ്മീഷണറായി ഉയർന്നു. ചീഫ് സെക്രട്ടറി പദവിയുടെ താൽക്കാലിക ചുമതലയും വഹിച്ചിട്ടുണ്ട്.

കുട്ടിക്കാലം മുതൽക്കേ സാഹിത്യ വാസന പ്രകടിപ്പിച്ചിരുന്ന ഉള്ളൂർ ആധുനിക മലയാളസാഹിത്യത്തിലെ പസ്മരണീയരായ ആധുനിക കവിത്രയത്തിലൊരാളായി വിശേഷിക്കപ്പെടുന്നു. കഠിന സംസ്കൃതപദങ്ങൾ

ബഹുലമായി ഉപയോഗിക്കുന്ന അദ്ദേഹത്തിന്റെ രചനാശൈലി അക്കാലത്ത് അനുവാചകർക്ക് പഥ്യമായിരുന്നു. എങ്കിലും ഇക്കാലത്ത് കേരള സാഹിത്യചരിത്രത്തിന്റെ കർത്താവ് എന്ന നിലയിലാവും പരിഗണിക്കപ്പെടുന്നത്. 1937-ൽ തിരുവിതാംകൂർ രാജഭരണകൂടം ഉള്ളൂരിന് മഹാകവി ബിരുദം നല്കി. കൊച്ചി മഹാരാജാവ് കവിതിലകൻ'പട്ടവുംകാശിവിദ്യാപീഠം

പ്രധാന കൃതികൾ

1. ഉമാകേരളം (മഹാകാവ്യം)
2. മണിമഞ്ജൂഷ
3. കർണ്ണഭൂഷണം
4. പിങ്ഗള
5. ഭക്തിദീപിക
6. ഒരു മഴത്തുള്ളി (കവിത)

7.കേരള സാഹിത്യ ചരിത്രം

ഫിൻസി സാറാ ബിജു
9D



# മദർ തെരേസ

1910 ഓഗസ്റ്റ് 26ന് മാസിഡോണിയയിലെ സ്കോപ്ജെ എന്ന സ്ഥലത്തായിരുന്നു ജനനം. മദർ തെരേസയുടെ യഥാർത്ഥ പേര് അഗ്നസ് ഗോൺ ഹാബെയാക്സു. മിഷനറീസ് ഓഫ് ചാരിറ്റി എന്ന കത്തോലിക്കാ സന്യാസിനീസഭ സ്ഥാപിച്ച് കൊൽക്കത്തയിലെ പാവപ്പെട്ടവരുടെയും അനാഥരുടെയും രോഗികളുടെയും ഇടയിൽ പ്രവർത്തിച്ച മദർ തെരേസയ്ക്ക് പ്രസ്തുത സേവനപ്രവർത്തനങ്ങളുടെ പേരിൽ 1979-ൽ സമാധാനത്തിനുള്ള നൊബേൽ സമ്മാനം നൽകപ്പെട്ടു. 2016 സെപ്റ്റംബർ 4-ന് മദർ തെരേസയെ ഫ്രാൻസിസ് മാർപ്പാപ്പ വിശുദ്ധയായി പ്രഖ്യാപിച്ചു.45 വർഷത്തോളം ലോകത്തിലെ വിവിധയിടങ്ങളിലെ അശരണരുടേയും, രോഗികളുടേയും, അനാഥരുടേയും ആശ്രയകേന്ദ്രമായിരുന്നു മദർ തെരേസ. മരണ ശേഷം ജോൺ പോൾ രണ്ടാമൻ മാർപാപ്പ കൊൽക്കത്തയിലെ വാഴ്ത്തപ്പെട്ട തെരേസ എന്ന പേരിൽ അവരെ വാഴ്ത്തപ്പെട്ടവളായി പ്രഖ്യാപിച്ചു. ജീവകാരുണ്യപ്രവർത്തനങ്ങൾക്കുള്ള അംഗീകാരമായി ധാരാളം ബഹുമതികൾക്ക് മദർ തെരേസ അർഹയായിട്ടുണ്ട്. ലോകത്തിന്റെ ഭാഗങ്ങളിലുള്ള ചാരിറ്റി സംഘടനകളുടെ വിവിധ പുരസ്കാരങ്ങളും മദർ തെരേസക്ക് ലഭിച്ചിട്ടുണ്ട്. 1997സെപ്റ്റംബർ 5 കൊൽക്കത്തയിലാണ് മരണം.



റിയ ഏലിയാമ ഷാജി 9D

# പ്രതീക്ഷയുടെ പുലരികൾ

ജീവതവിജയത്തിൻ കാതലാം മനോഭാവം
പ്രത്യാശ തന്നെയല്ലോ, മുന്നേറാം കരുത്തോടെ
നിരാശയോടെ നമ്മൾ നിശയെ വരവേറ്റാൽ
പുലർകാലത്തെ മൂടും കാർമേഘം നിരാശയാൽ



പ്രത്യാശപൂർവ്വം നമ്മൾ ചിന്തിക്കാം പ്രവർത്തിക്കാം
ലക്ഷ്യങ്ങൾ സ്വന്തമാക്കാം ആത്മവിശ്വാസത്തോടെ
പ്രതീക്ഷ തുളുമ്പുന്ന പുത്തൻപുലരികളായ്
ഓരോ പുലർകാലവും രൂപാന്തരപ്പെടട്ടെ...

സഹ്‌ല റഷീദ്
9B

# പുൽമേടുകൾ

വിശാലമാം പുൽമേടുകൾ വിശാലമനസ്സർക്കായ്
ഭംഗിയോടെ സൃഷ്ടിചെയ്തു ഈശ്വരനേകി.
വിസ്തൃതമാം മേടുകളിൽ തൃപ്തിയോടെ മേയുവാനായ്
പൈക്കളും ആട്ടിൻക്കൂട്ടവുമെത്തിച്ചേരുന്നു.

നിരവധി ജീവിവർഗങ്ങൾക്കായ് അനുദിനമങ്ങു
അന്നമായ് തീർന്നിടുന്നീ പുൽമേടുകളും
മാനവന്റെ നയനങ്ങൾക്കെന്നും കുളിർമയേകുന്ന
കാഴ്ചകളൊരുക്കി സദാ കാത്തുനിൽക്കുന്നു.

ശ്രീലക്ഷ്മി എസ്
9B

# സാറാ തോമസ് (1934-2023)



ചെറുകഥാകൃത്ത്, നോവലിസ്റ്റ്, എന്നീ നിലകളിൽ ശ്രദ്ധേയയായ മലയാളം എഴുത്തുകാരിയായിരുന്നു സാറാ തോമസ്. 1934 ൽ തിരുവനന്തപുരത്ത് ജനനം. ഇരുപതോളം നോവലുകൾ രചിച്ചിട്ടുണ്ട്. 'ജീവിതം എന്ന നദി' എന്ന ആദ്യനോവൽ 34-ആം വയസ്സിൽ പുറത്തിറങ്ങി. സാറാ തോമസിന്റെ 'മുറിപ്പാടുകൾ' എന്ന നോവൽ സിനിമയാക്കി. ഈ സിനിമ സംസ്ഥാന-ദേശീയ തലങ്ങളിൽ പുരസ്കാരം നേടി. ഇതിനു പുറമേ അസ്തമയം,പവിഴമുത്ത്,അർച്ചന എന്നീ നോവലുകളും ചലച്ചിത്രങ്ങൾക്ക് പ്രമേയങ്ങളായിട്ടുണ്ട്. മധ്യവർഗ്ഗ കേരളീയപശ്ചാത്തലത്തിൽ നിന്നും വ്യത്യസ്തമായ ജീവിതാന്തരീക്ഷം അവതരിപ്പിക്കുന്ന സാറാ തോമസിന്റെ ചില കൃതികൾ ശ്രദ്ധേയങ്ങളാണ്. 'നാർമടിപ്പുടവ' എന്ന നോവലിൽ തമിഴ് ബ്രാഹ്മണരുടെ ജീവിതം ചിത്രീകരിക്കുന്നു. 'ദൈവമക്കൾ' എന്ന നോവലിൽ മതപരിവർത്തനം ചെയ്ത അധസ്ഥിത വർഗ്ഗത്തിന്റെ വ്യാകുലതകളും ദുരിതങ്ങളുമാണ് പ്രമേയം.കേരളത്തിൽ നിന്നുള്ള ഒരു ഇന്ത്യൻ മലയാളഭാഷ എഴുത്തുകാരിയായിരുന്നു.2023 ൽ അന്തരിച്ചു.

-അൽഫോൺസാ സോണി

9 C

# അപ്പുവും ദോപ്പുവും




ഒരിടത്ത് ഒരിക്കൽ അപ്പുവും ദോപ്പുവും രണ്ട് സുഹൃത്തുക്കളുണ്ടായിരുന്നു. രണ്ട് പേരുടെയും സ്വഭാവം തികച്ചും വ്യത്യസ്തമായിരുന്നു. അപ്പു തന്റെ മാതാപിതാക്കൾ പറയുന്നത് അനുസരിച്ച് ചെയ്യും, എന്നാൽ ദോപ്പു മഹാവികൃതനായിരുന്നു. തന്റെ മാതാപിതാക്കളെപോലും അനുസരിക്കാറില്ല. അങ്ങനെ ഇരിക്കെ, ഒരു ദിവസം ദോപ്പുവിന്റെ അച്ഛൻ ഫോൺ വീട്ടിൽ മറന്നുവെച്ച് ഓഫീസിലേക്ക് പോയി. വികൃതിയായ ദോപ്പു ഫോണിൽ ഗെയിം കളിച്ചു കൊണ്ടിരുന്നു. തന്റെ അടുത്ത സുഹൃത്തായ അപ്പു വീട്ടിൽ വന്നു. ദോപ്പു അപ്പുനെ കണ്ടതായി പോലും കൂട്ടാക്കാതെ കളിക്കുകയാണ്.അപ്പു ചോദിച്ചപ്പോൾ ദോപ്പു രാവിലെ മുതൽ തുടങ്ങിയതാണ് കളി.

ഈ വാക്ക് കേട്ടയുടനെ അപ്പു തന്റെ കൂട്ടുക്കാരനോട് പറഞ്ഞു ഒത്തിരി സമയം ഫോണിൽ ചിലവഴിച്ചാൽ കണ്ണിന് അസുഖം വരും എന്നാൽ, ദോപ്പു ഇതൊന്നും കൂട്ടാക്കാതെ വീണ്ടും കളിയാണ്. അല്പ്പം കഴിഞ്ഞപ്പോൾ അവന് തലവേദന തുടങ്ങി വേദന കൂടിയപ്പോൾ അവൻ കരച്ചിൽ തുടങ്ങി. കരച്ചിൽ കേട്ടാണ് ദോപ്പുവിന്റെ അമ്മ എത്തുന്നത്. കാര്യം അന്വേഷിച്ചപ്പോൾ ആണ് അവന്റെ വികൃതി അമ്മ അറിയുന്നത്. അവനെ ഡോക്ടറെ കാണിക്കാനായി ചെന്നു. ഡോക്ടറെ കണ്ടപ്പോൾ അദ്ദേഹം പറഞ്ഞു അമിതമായ ഫോണിന്റെ ഉപയോഗം കൊണ്ടാണ് തലവേദന വന്നത്. ഇനി ഫോണിൽ ഗെയിം കളിക്കാൻ പാടില്ല. ദോപ്പുവിന് ഏറെ വിഷമമായി. അപ്പോഴാണ് ദോപ്പു തന്റെ കൂട്ടുക്കാരൻ അപ്പുവിന്റെ വാക്കുകൾ ഓർക്കുന്നത്. തന്റെ തെറ്റ് മനസ്സിലാക്കിയ ദോപ്പു പിന്നീട് എല്ലാവരും പറയുന്നതും മാതാപിതാക്കള അനുസരിച്ചും നല്ല കുട്ടിയായി വളർന്നു.

-എമി മരിയ ബിജി

8D

# നക്ഷത്ര രൂപീകരണം



നക്ഷത്ര രൂപീകരണം എന്നത് നക്ഷത്രാന്തര ബഹിരാകാശത്തിലെ തന്മാത്രാ മേഘലങ്ങൾക്കുള്ളിലെ ഇടതൂർന്ന പ്രദേശങ്ങൾ, ചിലപ്പോൾ "സ്റ്റെല്ലാർ നേഴ്സറികൾ" അല്ലെങ്കിൽ "നക്ഷത്രങ്ങൾ രൂപപ്പെടുന്ന പ്രദേശങ്ങൾ" എന്നും അറിയപ്പെടുന്നു, നക്ഷത്രങ്ങൾ തകരുകയും രൂപപ്പെടുകയും ചെയ്യുന്ന പ്രക്രിയയാണ്.

ജ്യോതിശാസ്ത്രത്തിന്റെ ഒരു ശാഖയെന്ന നിലയിൽ, നക്ഷത്ര രൂപീകരണ പ്രക്രിയയുടെ മുന്നോടിയായുള്ള ഇന്റർസ്റ്റെല്ലാർ മീഡിയം (ഐ.എസ്.എം), ഭീമൻ തന്മാത്രാ മേഘലങ്ങൾ (ജി.എം.സി) എന്നിവയുടെ പഠനവും അതിന്റെ ഉടനടി ഉൽപന്നങ്ങളായ പ്രോട്ടോസ്റ്റാറുകളുടെയും യുവ നക്ഷത്ര വസ്തുക്കളെയും കുറിച്ചുള്ള പഠനവും ഉൾപ്പെടുന്നു. ജ്യോതിശാസ്ത്രത്തിന്റെ മറ്റൊരു ശാഖയായ ഗ്രഹ രൂപീകരണവുമായി ഇതിന് അടുത്ത ബന്ധമുണ്ട്.

നക്ഷത്ര രൂപീകരണ സിദ്ധാന്തവും, ഒരു നക്ഷത്രത്തിന്റെ രൂപീകരണത്തിന്റെ കണക്കും, ബൈനറി നക്ഷത്രങ്ങളുടെ സ്ഥിതിവിവരങ്ങളും പ്രാരംഭ പിണ്ഡത്തിന്റെ പ്രവർത്തനവും കണക്കിലെടുക്കണം. ഒട്ടുമിക്ക നക്ഷത്രങ്ങളും രൂപപ്പെടുന്നത് ഒറ്റപ്പെട്ട നിലയിലല്ല, മറിച്ച് നക്ഷത്രസമൂഹങ്ങൾ (സ്റ്റാർ ക്ലസ്റ്റർ) അല്ലെങ്കിൽ നക്ഷത്ര കൂട്ടുകെട്ടുകൾ (സ്റ്റെല്ലാർ അസോസിയേഷൻസ്) എന്ന് വിളിക്കപ്പെടുന്ന ഒരു കൂട്ടം നക്ഷത്രങ്ങളുടെ ഭാഗമായാണ്.

-ദേവനന്ദന പ്രകാശ്

9 C

# വള്ളത്തോൾ നാരായണമേനോൻ

മലയാളത്തിലെ ആധുനിക കവിത്രയത്തിലുൾപ്പെട്ട മഹാകവി.
വള്ളത്തോളിനെ ശബ്ദ സുന്ദരൻ എന്നു വിശേഷിപ്പിക്കാറുണ്ട്.
1878 ഒക്ടോബർ 16 ന് മലപ്പുറം ജില്ലയിൽ ജനിച്ചു.



വള്ളത്തോളിന്റെ
വരികൾ മലയാളസാഹിത്യത്തിൽ
ഒരുപാട് കൃതികൾ വഴിയൊരുക്കി വാത്മീകി
രാമായണവവും ഋഗ്വേദവും മറ്റു പുരാണങ്ങളും
മലയാളത്തിലക്ക് വിവർത്തനം ചെയ്തു .
1930-ൽ കലാമണ്ഡലം സ്ഥാപിച്ചു. പത്മഭൂഷൻ
ഉൾപ്പെടെ ധാരാളം
ബഹുമതികൾ ലഭിച്ചിട്ടുണ്ട് 1958-ൽ മാർച്ച് -13 ന് നിര്യാതനായി.
പ്രധാനകൃതികൾ: ബന്ധനസ്ഥനായ അനിരുദ്ധൻ ശിഷ്യനും മകനും ,
ബദിര വിലാപം, ഗണപതിചിത്രയോഗം, സാഹിത്യമഞ്ജരി പതിനൊന്നു
ഭഗങ്ങൾ ,മഗ്ദലമറിയം,കൊച്ചുസീത,അച്ഛനും മകനും .

-അനന്യ പ്രതാപ്
9B

# ചന്ദ്രനെ കീഴടക്കി ഇന്ത്യ

ഇന്ത്യൻ ചാന്ദ്ര ദൗത്യത്തിന്റെ മൂന്നാം ഭാഗമാണ് "ചന്ദ്രയാൻ- 3".ചന്ദ്രയാൻ -2 ന്റെ വിജയത്തെ തുടർന്ന് ഇന്ത്യ തദ്ദേശകമായി നിർമ്മിച്ചതാണ് ചന്ദ്രയാൻ -3.ചന്ദ്രോപരിതലത്തിലെ പാറയും,മണ്ണും ഭൂമിയിലെത്തിച്ച ഗവേഷണം നടത്തുകയെന്നതാണ് ഈ ദൗത്യത്തിൻെറ ലക്ഷ്യം. ഭാരതീയരുടെ സ്വപ്നമായ ചാന്ദ്രയാൻ 2023 ജൂലൈ പതിനാലിന് സതീഷ് ധവാൻ സ്പേസ് സെന്ററിൽ നിന്ന് വിജയകരമായി വിക്ഷേപിച്ചു.



ചന്ദ്രന്റെ ദക്ഷിണധ്രുവത്തിൽ പഠനം നടത്തുന്ന ആദ്യരാജ്യ ഇന്ത്യ മാറി. 2023ലെ ഒരുസുവർണ്ണ നേട്ടമായി നമുക്ക് ഇതിനെ കാണാം.നീണ്ടനാളത്തെ പരിശ്രമത്തിൻെറ ഫലമായി ഇസ്റോ ചന്ദ്രനിൽ തൊട്ടു.ഈ നേട്ടം മനുഷ്യരാശിയിലെ സുപ്രധാന നാഴികകല്ലായി മാറി [ISRO: Indian Space Research Organisation] ചന്ദ്രൻെറ നിഗൂഢതകളെ കുറിച്ച് അറിയുവാൻ isro നമ്മളെ സഹായിച്ചു .2008 ഒക്ടോബർ ഇരുപത്തിരണ്ട് ഇന്ത്യയുടെ ആദ്യ

ചാന്ദ്ര ദൗത്യമായ ചന്ദ്രയാൻ -1.ശ്രീഹരികോട്ടയിൽ നിന്ന വിജയകരമായി വിക്ഷേപിച്ചു.ഇന്ത്യ ചാന്ദ്രദൗത്യങ്ങൾക്ക് പ്രചോദനകരമായി ചന്ദ്രയാൻ-1 മാറി. ചന്ദ്രനിൽ വെള്ളത്തിന്റെ സാന്നിധ്യം കണ്ടെത്തി.വിക്ഷേപണ വാഹനമായി PSLV-C11 മാറി .ചന്ദ്രയാൻ 1 ന്റെ ആയുസ്സ് രണ്ട് വർഷമായിരുന്നു. പിന്നീട് ചാന്ദ്ര ദൗത്യത്തിന്റെ രണ്ടാം ഭാഗമായി ISRO വീണ്ടും എത്തി 2019 ജൂലൈ 22 ന് ചന്ദ്രയാൻ -രണ്ട് സതീഷ് ധവാൻ സ്പേസ് സെന്ററിൽ നിന്ന് വിക്ഷേപിച്ചു. ഈ റോക്കറ്റിൽ ലാൻഡറായ വിക്രം , റോവറായ പ്രഗ്യാൻ നും ഉണ്ട്. ലാൻഡിഗ് സമയത്ത് നമുക് റോവറുമായുള്ള ബന്ധം നഷ്ടപെട്ടു.ലാൻഡ് ചെയ്യാൻ സാധിച്ചില്ല.കോടി കണകിന് ഭാരതീയർക്കും തീര നഷ്ടമായി. പിഴവുകളിൽ നിന്ന് പാഠം പഠിച്ചു . ISRO ഒരു പുതിയ സൃഷ്ടിക്ക ജന്മം നൽകി.ചന്ദ്രയാൻ-3.2023 ജൂലൈ 14 ന് ശ്രീഹരികോട്ടയിൽ നിന്ന് ചാന്ദ്രയാൻ -3 വിക്ഷേപിച്ചു.LVM3 റോക്കറ്റാണ് ചന്ദ്രയാനെ വഹിച്ചത്. വിക്രം ലാൻഡറും, പ്രഗ്യാൻ റോവറും മാണ് വഹിച്ചത്. 41 ദിവസമെടുതാണ് ഭൂമിയിൽ നിന്ന ചന്ദ്രനിലേക്ക് എത്തിയത്. നമ്മൾ പ്രതീക്ഷിച്ചതുപോലെ 2023 ആഗസ്റ്റ് 23 ന് വൈകുന്നേരം 6.04ന് ചന്ദ്രന്റെ ദക്ഷിണധ്രുവത്തിൽ വിക്രം ലാൻഡർ ലാൻഡ് ചെയ്യുള.ലോകരാജ്യമായി ഇന്ത്യമാറി. ഈ ദൗത്യത്തിന്റെ ലക്ഷ്യം ഭാവിയിൽ മനുഷ്യവാസം ചന്ദ്രനിൽ സാധ്യമാക്കുക എന്നതാണ് .റോവർ ചന്ദ്രന്റെ ദക്ഷിണധ്രുവത്തിലെ മൂലകങ്ങളെ കുറിച്ച് ഗവേഷണം നടത്തി .സൾഫർ, ഓക്സിജൻ, അലുമിനിയം,കാൽഷിയം etc.... എന്നിവയുടെ സാന്നിധ്യം കണ്ടെത്തി.ഇന്ത്യയുടെ അഭിമാനത്തെ വാനോളം ഉയർത്തി ചന്ദ്രയാൻ3.

ആഷിമ ഷിബു
9 B

# മഞ്ഞുമാസം ദുഖമാസം



രാമു... മഞ്ഞുകാലം തുടങ്ങി.രാമു സന്തോഷത്തോടെ ഉൽസാഹത്തോടെ വെളിയിലേക്കുവന്നു.അമ്മേ ദേ..മഞ്ഞുകണികകൾ.
എന്തു രസമാണ്.മോനെ അധികം കളിക്കേണ്ട.അസുഖം വരും. കുറച്ചു നേരം കഴിഞ്ഞു ഞാൻ വിളിക്കാം അകത്തേക്കു വരണം.ശരി അമ്മേ. ഹായ് എന്തു രസമാ.
അമ്മേ.... എന്തുകൊണ്ട് ഒരു വർഷം മുഴുവൻ ദൈവം കുട്ടികൾക്കായി മഞ്ഞു കാലം തരുന്നത് . മോനെ പ്രകൃതിയാൽക്രമപ്പെടുത്തീയിരിക്കുന്നതാണു ഓരോ കാലങ്ങളും.ഇപ്പോൾ മഞ്ഞുകാലമാണ് കുറേകഴിയുമ്പോൾ വെയിലും,മഴയും എല്ലാം വരും.അപ്പോൾ ദൈവമല്ലേ മഞ്ഞുണ്ടാക്കുന്നത്.രാമു... ഹിഹിഹി ചുമ്മാചോദിച്ചതാ.ഞാൻ കൂട്ടുകാരോടൊപ്പം മഞ്ഞിൽ കളിക്കാൻപോകുവാണേ.സൂക്ഷിച്ചു പോകണേ.ശരി അമ്മേ... ഒന്നോടി വരണേ. എന്തുപറ്റി..രാമു മഞ്ഞുപാളിയിൽ കാണാതായി. കുട്ടികളൊത്തു കളിക്കുന്നതി നിടയിൽ മഞ്ഞുപാളികൾ ശക്തമായി വീണു. രാമുനെകാണാന്നില്ല. എന്റെ ദൈവമേ.....

ഭാഗ്യ എസ് നായർ

9 C

# ചിന്തയുടെ ചരടുകൾ



മേഘങ്ങൾ പരിഭവം സൂചിപ്പിക്കവേ
ഒരു നെടുവീർപ്പിനു തുടക്കമിടുന്നതിനു
പകരം എൻ മനസ്സിൽ കൗതുകമുണർന്നു,
മെല്ലെ പ്രകൃതിയാകുന്ന അമ്മയുടെ
കണ്ണുനീരായ മഴത്തുള്ളികൾ എന്നെ
സ്പർശിക്കാൻ ഇടയായി , അത്രയും നേരം
നിഴൽപോലെ കൂടെയുണ്ടായിരുന്ന
മനസ്സിലെ ദുഃഖവും ദേഹത്തിന്റെ ഉഷ്ണവും
മാഞ്ഞു പോകുന്നു, സൗന്ദര്യത്തിന്റെ
അവതരണമായ നിശയിൽ തിളങ്ങുന്ന
പവിഴമുത്തുകളാകുന്ന താരകങ്ങൾക്കിടയിൽ
പാൽവെണ്ണപോലത്തെ ചന്ദ്രൻ എൻ
മിഴികളിൽ കുളിരേകി എന്നാൽ കെട്ടികിടക്കുന്ന
മനസ്സിലെ ചരടുകൾ ഊരാൻ
എന്തിനു സാധിക്കും? പ്രകൃതിയായ അമ്മ
നടന്ന ഞാൻ ആശ്രയിക്കുന്നു.

-ദേവനന്ദന പ്രകാശ്
9 C

# ചന്ദ്രൻ എന്ന വിസ്മയം

ഭൂമിയിൽ നിന്ന് ആകാശത്തേയ്ക്ക് നോക്കുമ്പോൾ നഗ്നനേത്രങ്ങൾ കൊണ്ട് കാണാൻ കഴിയുന്ന അതിസുന്ദരമായ ഒരു വസ്തു ആണ് ചന്ദ്രൻ.ഭൂമിയുടെ ഒരേയൊരു പ്രകൃതിദത്തമായ ഉപഗ്രഹവുമാണ് ചന്ദ്രൻ.ഭൂമിയിൽ നിന്ന് ഏകദേശം 38400km ദൂരെയാണ് ചന്ദ്രൻ സ്ഥിതി ചെയ്യുന്നത്.ചന്ദ്രന്റെ പ്രായം ഏകദേശം 482.7 കോടി വർഷങ്ങളാണ് എന്ന് ഗവേഷണങ്ങൾ സൂചിപ്പിക്കുന്നു.അതായത് സൗരയൂഥം രൂപംകൊണ്ടതിന് ശേഷം മൂന്ന് മുതൽ അഞ്ച് കോടി വർഷങ്ങൾക്ക് ശേഷം ആണ് ചന്ദ്രൻ രൂപം കൊണ്ടത്.ചന്ദ്രനിൽ പകൽ സമയത്ത് ശരാശരി ഉപരിതല താപനില 107 സെൽഷ്യസും രാത്രി സമയത്തേത് -153 ഡിഗ്രി സെൽഷ്യസും ആണ്.ആദ്യമായി ചന്ദ്രോപരിതലം സ്പർശിച്ച മനുഷ്യ നിർമ്മിത വസ്തു "ലൂണാർ റ്റു" ആണ്.1959 ഈ വാഹനം ചന്ദ്രോപരിതലത്തിൽ വന്നിടിച്ച് തകരുകയാണ് ഉണ്ടായത്.ഇതേ വർഷം തന്നെ മറ്റൊരു മനുഷ്യ നിർമ്മിത ശൂന്യാകാശ വാഹനമായ "ലൂണാർ ത്രീ" ചന്ദ്രന്റെ അഭിമുഖമല്ലാത്ത മറുവശത്തിന്റെ ചിത്രം എടുക്കുന്നതിൽ വിജയിച്ചു.മനുഷ്യനെ വഹിച്ച് കൊണ്ടുള്ള ആദ്യത്തെ ചന്ദ്രയാത്ര “Apollo 8” നിർവഹിച്ചെങ്കിലും ആദ്യമായി മനുഷ്യൻ ചന്ദ്രനിൽ വിജയകരമായി കാൽ കുത്തിയത് 1969-ൽ Apollo എന്ന ശൂന്യാകാശ വാഹനമാണ്.നീൽ ആംസ്റ്റ്രോങ് ചന്ദ്രനിൽ ഇറങ്ങിയ ആദ്യ പുരുഷനായിരുന്നു. ചന്ദ്രൻ ഭൂമിയുടെ അഭികേന്ദ്ര ബലം മൂലം ഭൂമിയിൽ നിന്ന്

അടർന്ന് തെറിച്ച് ഒരു ഭാഗമാണെന്ന് കരുതിയിരുന്നു.ഈ സിദ്ധാന്തം Fission hypothesis എന്നറിയപ്പെടുന്നു.ചന്ദ്രൻ ആയിമാറിയ ഭാഗം അടർന്ന് തെറിച്ചപ്പോൾ അവശേഷിച്ച ഒരു വലിയ ഗർത്തം പസിഫിക് സമുദ്രം എന്നും പറയപ്പെടുന്നു.അടുത്ത 50 വർഷത്തിനുള്ളിൽ മനുഷ്യൻ ചന്ദ്രനിൽ ചേക്കേറി ജീവിതം ആരംഭിക്കുകയും പുതിയൊരു വിപ്ലവം തന്നെ സൃഷ്ടിക്കുകയും ചെയ്യും എന്നും കരുതപ്പെടുന്നു.



അമാന ഫാത്തിമ നിഷാദ്

9 C

# തിരോധാനം



ശ്രീ ഭൂവിൽ നീ നശ്വരമാണെന്നാശാൻ
വാക്കുകൾ പോലെ നിൻ ഐശ്വര്യം
മനുഷ്യനാൽ അറ്റുവീഴുന്ന ഇതളുകൾ പോലെ
ഗന്ധം വമിക്കുന്ന മുല്ലയുടെ നശ്വരമായ
ശോഭയുടെ ശ്രഷ്ടാവായി നിശയിൽ അവൾ
മയങ്ങി, സൂര്യനാവുന്ന കുങ്കുമപ്പൊട്ട്
ചാർത്തിയാൽ കിഴക്കൻ ചക്രവാളത്തിൽ
ഒളിച്ച്, ശിശുവിൻ തായയെന്നപോലെ,
അവൾ, എനിക്കും നിനക്കും സ്വയം അമ്മയാകുന്ന
ജീവിതഭാരം താങ്ങി വിരഹം വഹിക്കുന്നോരോ
മനുഷ്യനും പ്രതീക്ഷയായി വെളിച്ചത്തിന്റെ വിരളുകൾ

\-

അവനിക വി.എം
9 C

# ദുരന്തമഴ

മാനം കറുത്തിരുണ്ടാസുര രൂപമായ്
തീ തുപ്പി അലറുന്നകാഴ്ചകണ്ട്



പേടിച്ചോടേണ്ടോര മഴവില്ല വേഗം
ശൈലങ്ങൾക്കൊപ്പമൊളിച്ചു
നിന്നു
വെള്ളം നാടെല്ലാം പടർന്നൊരു

വെള്ളപൊക്കമായി....ദുരന്തമായി
..
..
ഒരേ കയ്യിൽ പിടിച്ചു കയറിയവർ
ഒരു പാത്രത്തിൽ നിന്നുണ്ടവർ
ഒരു വരിയിൽ കിടന്നവർ
വെള്ളമിറങ്ങിയപ്പോഴുടൻ വേർപ്പിരിയാൻ കാരണമായി
പാർട്ടിയായി....ജാതിയായി.......
മതമായി......തല്ലായി.....
ഉണ്ണി പറഞ്ഞു വെയിൽ വേണ്ടമ്മേ...
നമുക്ക് പ്രളയം മതിയെന്നുമെന്നും...

ഫഹമിയ ആരിഫ്
9 D

# കാണാ കാഴ്ച



സ്റ്റേഷനിൽ നല്ല തിരക്കാണ് യാത്രക്കാർ ട്രെയിനിനായി കാത്തുനിൽക്കുന്നു . അപ്പോഴാണ് അവൻ അത് ശ്രദ്ധിച്ചത് എന്തോ ഒരു നീളം കൂടിയ വസ്തു, അനേകം ചക്രങ്ങളും, ചെവിയിലേക്ക് തുളച്ചിറങ്ങുന്ന ശബ്ദവുമുള്ള ഒരു വലിയ വസ്തു.
അവൻ അമ്മയോട് ചോദിച്ചു അമ്മേ ഇത് എന്താണ്.
അമ്മ പറഞ്ഞു ഇതാണ് ട്രെയിൻ ഇതിലാണ് നമ്മൾ യാത്രപോകുന്നത്. അവന് ആകാംക്ഷയായി അപ്പോഴാണ് അവർക്ക് പോകാൻ ഉള്ള ട്രെയിൻ വന്നത് . അവൻ
അതിൽ കയറി ആകാംക്ഷയോടെ എല്ലായിടവും നോക്കിനിന്നു . ട്രെയിനിലെ ഒരോ വസ്തുക്കളും കണ്ടിട്ട് അവൻ അമ്മയോട് സംശയങ്ങൾ ചോദിക്കാൻ ആരംഭിച്ചു.
അമ്മ അതിന് മറുപടികളും നൽകി . അവന് ജനാലയ്ക്ക് അരികെയുള്ള സീറ്റായിരുന്നു ലഭിച്ചിരുന്നത്. അവൻ അവിടെയിരുന്ന് പ്രകൃതിയുടെ സൗന്ദര്യം ആസ്വദിക്കാൻ
ആരംഭിച്ചു. അപ്പോഴാണ് ശക്തമായ കാറ്റ് വീശുന്നത് അവൻ ശ്രദ്ധിച്ചത് . അമ്മ പറഞ്ഞു മോനേ മഴ പെയ്യാൻ
സാധ്യതയുണ്ട് .മേഘം കറുത്തിരിക്കുന്നു . ആകെ ഒരു നിശബ്ദതയായിരുന്നു. തണുത്തകാറ്റ് ശരീരത്തിന് കുളിർമയേകി ,തുമ്പികൾ ഭൂമിയെ താലോടുന്ന പോലെ പറഞ്ഞു. കുറച്ച്കഴിഞ്ഞപ്പോൾ മഴ ആരംഭിച്ചു .
അവൻ അത്ഭുതത്തോടെ നോക്കിയിരുന്നു. മഴയുടെ തുള്ളികൾ ജനലിലൂടെ യാത്രക്കാരുടെ ശരീരത്തിൽ
ആഞ്ഞുപതിച്ചു. അവർ അവനോട് ജനാലകൾ അടയ്ക്കാനായി ദേഷ്യപ്പെട്ടു. അപ്പോൾ അമ്മ വിഷമത്തോടെ
അവരോട് അപേക്ഷിച്ചു .ദയവുചെയ്ത് അവനെ വഴക്കുപറയരുത് .അവൻ ആദ്യമായിട്ടാണ് ജീവിക്കുന്ന
ലോകതെ കാണുന്നത്. അവന്റെ കണ്ണിന്റെ ഓപ്പറേഷൻ കുറച്ചുനാളായതെ ഉള്ളൂ കഴിഞ്ഞിട്ട്. അവൻ ഇന്നാണ് പുറംലോകം കാണുന്നത്.നിറങ്ങൾ കാണുന്നത്. യാത്രക്കാർക്ക് തങ്ങൾ ചെയ്ത പ്രവർത്തിയിൽ കുറ്റബോധം തോന്നി.
അവർ അവനോട് ക്ഷമ ചോദിച്ചു.

-ഹൃദ്യ അജികുമാർ
9B

# ഓർമയുടെ പൊട്ടുകൾ



മായ്ക്കാനാകാത്ത നൊമ്പരപ്പൊട്ടുകൾ....
ചിരി നല്കിയ ആനന്ദബിന്ദുക്കൾ
മൗനമായും,സ്വരമായും ഹൃദയത്തിൽ
പതിഞ്ഞ മൊഴികൾ.....
എല്ലാമെല്ലാം ഓർമ്മകൾ മാത്രം.....
കാലമെത്ര കഴിഞ്ഞാലും
മായാലോകത്തിൽ പ്രാണനേകുന്ന
ജീവിതത്തിന്റെ അമൃതധാര
അതാണി മായാത്ത ഓർമ്മകൾ

കാലം മായ്ക്കുന്ന വേദനകൾക്കപ്പുറം
മായിച്ചാലും മായാത്ത ഓർമ്മകൾ...
ജീവിത വീതിയിൽ പ്രാണനായി മാറുന്ന
ജീവിത ശകലങ്ങൾ എൻ ഓർമ്മകൾ

ഐറിൻ റോസ് ബിജു

9B

# മഴ

മൗനം നിറഞ്ഞൊരാ നീലാകാശത്തിൽ

കാർമേഘങ്ങൾ കൂടണയവേ

വീർപ്പു മുട്ടലിൽ ഇടിനാദം പോൽ

മിന്നൽപ്പിളർപ്പിൻ വെളിച്ചത്തോടെ

ചെറു നിശ്വാസത്തിൽ കുളിർക്കാറ്റാൽ

അവളുടെ കണ്ണിൽ നിന്നും പെയ്തിറങ്ങി

തുള്ളിക്കൊരു കുടമെന്നോളം

മഴ.... നൊമ്പര മഴ....

റിസ്വാന കമാൽ

9D



# സാക്ഷി



ഒരു നൊമ്പരസുഖത്തിന്റെ ഓർമയ്ക്കായ്
നീയാകുന്ന എൻ ചുണ്ടിലെ
പുഞ്ചിരി എന്ന് മായുന്നുവോ,
അന്ന് ഞാനും എന്റെ നിറമാർന്ന
സ്വപ്നങ്ങൾക്ക് വിട പറയും
ജീവനേ, സുഖത്തിനായ് തുടിക്കുന്നീ
മനം, എന്നിട്ടും ചെറുനൊമ്പരത്തിനായ്
ഞാനെന്തേ വഴിമാറുന്നു?
ഓർമ്മതൻ ചെപ്പിനടപ്പാകുമീ
മിഴികൾ തുറക്കുന്നതെന്നോ,
ഈ വിരഹനിമിഷത്തിൻ,
ഓർമ്മകളാകാൻ എൻ കണ്ണുകൾ സാക്ഷി.

-ദേവനന്ദന പ്രകാശ്

9 C

# മഴനൂൽക്കിനാവുകൾ

മധുരമീ പുതുമഴ പുലരിയെ
പുൽകുന്ന
പൂമഴ തേൻമഴ കുളിർമഴയായ്.
കുന്നുകുന്നെയുതിരുന്ന ഈ മഴ
ത്തുള്ളികൾ
തളിരിലും പൂവിലും മുത്തമിട്ടു.
പൊള്ളുന്ന രാവിന്റെ നെറുകയിൽ ചിതറുന്ന
കുളിർമണി മുത്തുകൾക്കെന്ത് ഭംഗി.
തൈമണിക്കാറ്റിന്റെയൊപ്പമീപ്പൂക്കുന്ന താഴ്വരത്തോപ്പിലും
കുളിർ ചൊരിഞ്ഞു.
പുഴതന്റെ മരവിച്ച കൈകളാൽ പുണരവെ
പുളകമായ് മഴവന്നു മനമറിഞ്ഞു.
മഴയെന്റെ താളമായ് ഹൃത്തിലും ശുദ്ധമായി
പൊഴിയുന്ന കവിതയായി പെയ്തിറങ്ങി.

ആർദ്ര.കെ.രാജീവ്
9 D

# സ്കൂളതൻ അക്ഷരലോകം

സ്കൂളാകുന്ന നമ്മുടെ ഭവനം

അക്ഷരത്താൽ നിറയുന്ന ഭവനം നിറയെ

അറിവുകൾ നല്കുന്ന ഭവനം

നമ്മുടെ സ്വന്തം വിദ്യലയം അറിവുറ്റോരധ്യായം

പഠിപ്പിക്കും അധ്യാപകർ

ശരിയായ ശിക്ഷണമേകി

മുമ്പോട്ടുനയിക്കുവതികർ,

നല്ല നാളേയ്ക്കായി നമ്മെ ഒരുക്കുമിവർ

നമ്മുടെ ഭവനമാം ഈ വിദ്യാലയത്തിൽ നിന്ന്

ജീവിതം തന്ന കുടുംബമാണീ വിദ്യാലയം.

-എമി ജേക്കബ്

9 C

# ഫ്രീഡം ഫെസ്റ്റ് പ്രവർത്തനങ്ങൾ

സ്വതന്ത്ര സോഫ്റ്റ്‌വെയറിനെയും ഹാർഡ്‌വെയറിനെയും പറ്റി പൊതുജനങ്ങളിലും വിദ്യാർത്ഥികളിലും വ്യക്തമായ ധാരണയും അവബോധവും സൃഷ്ടിക്കുക എന്ന ഉദ്ദേശത്തോടെ സ്കൂളിൽ ഫ്രീഡം ഫെസ്റ്റ് 2023 സംഘടിപ്പിച്ചു. ഇതിന്റെ ഭാഗമായി വിവിധ പരിപാടികൾ ലിറ്റിൽ കൈറ്റ്സ് ക്ലബിന്റെ നേതൃത്വത്തിൽ നടത്തി. 2023 ആഗസ്റ്റ് 9-ാം തീയതി രാവിലെ ഫ്രീഡം ഫെസ്റ്റ് 2023 പ്രത്യേക അസംബ്ലി നടത്തി.അസംബ്ലിയിൽ സർക്കാർ നൽകിയ സന്ദേശം വായിച്ചു. അന്നേദിവസം ഉച്ചകഴിഞ്ഞ് കമ്പ്യൂട്ടർ ലാബിൽ വച്ച് വിദ്യാർത്ഥികൾക്കായി ഡിജിറ്റൽ പോസ്റ്റർ രചനാ മത്സരം നടത്തി. കുട്ടികൾ ആകർഷണീയവും മനോഹരവുമായ പോസ്റ്ററുകൾ കുട്ടികൾ നിർമ്മിച്ചു. അവയിൽ നിന്നും മികച്ചവ സ്കൂൾവിക്കിയിൽ അപ്‌ലോഡ് ചെയ്തു. ആഗസ്റ്റ് 10-ാം തീയതി ലൈബ്രറി ഹാളിൽ വച്ച് ഐ.ടി കോർണർ സംഘടിപ്പിച്ചു. ആർഡിനോ ബോർഡ് ഉപയോഗിച്ച് റോബോട്ടിക് ഉൽപ്പന്നങ്ങളുടെ പ്രദർശനം നടത്തി. ഇതിലൂടെ കുട്ടികൾക്ക് റോബോട്ടിക്സിനെ കുറിച്ച് കൂടുതലായി മനസിലാക്കാൻ സാധിച്ചു. പ്രസന്റേഷന്റെ സഹായത്തോടെ കുട്ടികൾക്ക് ഫ്രീഡം ഫെസ്റ്റിനെ കുറിച്ച് സെമിനാർ നടത്തി.









# ലിറ്റിൽ കൈറ്റ്സ് ക്ലാസ് പ്രവർത്തനങ്ങൾ























2021-24



2022-25



2023-26

# ലിറ്റിൽ കൈറ്റ്സ് സ്കൂൾ സന്ദർശനം







